കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അഴീക്കോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/200/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയ്യതി : 30.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)
അഴീക്കോട് ഗ്രാമ പഞ്ചായത്ത്

സർ.

വിഷയം : അഴീക്കോട് ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം അഴീക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും)ചട്ടങ്ങളിലെ ചട്ടം 14, 15

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു

റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (എയിംസിൽ)

2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ മെയിൽ)

3.കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/200/2019 തീയ്യതി : 30.03.2019

# കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

## ആമുഖം

കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01-06-2017 മുതൽ 31-01-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ശശികുമാർ എം.പി.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04-02-2019 മുതൽ 15-02-2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1.ശ്രീ.സത്യാനന്ദൻ സി.വി, ഓഡിറ്റ് ഓഫീസർ |
| | 2.ശ്രീ.ഷഹീൻ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | 3.ശ്രീമതി വനജ എം, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി സി പ്രസന്ന | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ രഘുധരൻ. വി | 01.04.2017 മുതൽ 30.04.2017 വരെ |
| | ശ്രീ ശാന്തകുമാർ എ ആർ (അസിസ്റ്റന്റ് സെക്രട്ടറി - അധിക ചുമതല) | 01.05.2017 മുതൽ 13.05.2017 വരെ |
| | ശ്രീ പി കെ പ്രേമൻ | 14.05.2017 മുതൽ 31.03.2018 വരെ |

(സി).നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ വി പി രാജൻ | 01-04-2017 മുതൽ- 31-03-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ സന്തോഷ് പി | 01-4-2016 മുതൽ- 8-10-2017 വരെ |
| | ശ്രീമതി ശ്രീജ യു | 09-10-2017 മുതൽ- 08-11-2017 വരെ |
| | ശ്രീമതി ബീന എ | 09-11-2017 മുതൽ- 27-02-2018വരെ |
| | ശ്രീ ജയരാജ് പി | 28-02-2018 മുതൽ- 31-03-2018 വരെ |
| വെറ്റിനറി സർജൻ | ഡോ. ഒ എം അജിത | 01-04-2017 മുതൽ- 31-03-2018 വരെ |

| | | |
|---|---|---|
| വി.ഇ.ഒ | ശ്രീ. നൗഷാദ് കെ ബി | 01-04-2017 മുതൽ-31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. സന്തോഷ് ബി. | 01-04-2017 മുതൽ-31-03-2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ ശാന്തകുമാർ എ ആർ | 01-04-2017 മുതൽ-27-01-2018 വരെ |
| | ശ്രീമതി എം ടി മൃദുല | 28-01-2018 മുതൽ-31-03-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ശോഭന കുമാരി | 01-04-2017മുതൽ-21-09-2017 വരെ |
| | ശ്രീമതി ഷൈലജ എം എം | 22-9-2017മുതൽ-31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ജി,എച്ച്.ഡി) അഴീക്കോട് | ഡോ.കെ രാമസുബ്രഹ്മണ്യം | 01-04-2017 മുതൽ-31-03-2018 വരെ |
| സബ് ഇൻസ്പെക്ടർ ഫിഷറീസ് | ശ്രീമതി മിനി നാരായണൻ | 01-04-2017 മുതൽ-31-03-2018 വരെ |
| ഹെഡ് മിസ്ട്രസ്സ് ഗവ.ഫിഷറീസ് എൽ പി എസ് അഴീക്കോട് | ആർ ലതിക | 01-04-2017 മുതൽ-31-03-2018 വരെ |

ഉള്ളടക്കം

| ക്രമ നം | വിഷയം | ഖണ്ഡിക നം |
|---|---|---|
| ഭാഗം-1 പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |

| | | |
|---|---|---|
| 13 | ദുരിതാശ്വാസ നിധി | 1-13 |
| ഭാഗം-2 വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 14 | മാന്വൽ രശീത് ബുക്കുകൾ കൈകാര്യം ചെയ്യുന്നതിലെ അപാകങ്ങൾ | 2-1 |
| 15 | വസ്തു നികുതി പരിഷ്കരണ നടപടികൾ പുനപരിശോധിച്ച് നഷ്ടം ഈടാക്കേണ്ടതാണ്. | 2-2 |
| 16 | കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിലെ അപാകങ്ങൾ | 2-3 |
| 17 | തൊഴിൽ നികുതി ഒടുക്കുന്നില്ല | 2-4 |
| 18 | ഡി & ഒ ലൈസൻസ് - ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 2-5 |
| 19 | ഷോപ്പിംഗ് കോംപ്ലക്സ് വാടക 10975/- രൂപയുടെ കുടിശ്ശിക | 2-6 |
| 20 | അടിസ്ഥാന സൗകര്യം ഒരുക്കാതെ ബസ്സ്റ്റാന്റ് ഫീസ് പിരിവ് ലേലം ചെയ്തു: പഞ്ചായത്തിന് വരുമാന നഷ്ടം | 2-7 |
| 21 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ചുമത്താനാകുമോ എന്ന സാഹചര്യം പരിശോധിക്കുന്നില്ല | 2-8 |
| ഭാഗം-3 ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 22 | ബോണസ് ഇനത്തിൽ അധികം നല്കിയ 1250 രൂപ നിരാകരിക്കുന്നു | 3-1 |

| | | |
|---|---|---|
| | | |
| 23 | ശമ്പള പരിഷ്കരണ കുടിശ്ശിക ഡ്യൂ, ഡ്രോൺ സ്റ്റേറ്റമെന്റ് ഹാജരാക്കിയിട്ടില്ല. 8262 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-2 |
| 24 | സ്റ്റേറ്റ് ലൈഫ് ഇൻഷ്വൂറൻസ് വരിസംഖ്യ:- സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ഈടാക്കുന്നില്ല | 3-3 |
| 25 | വാഹനത്തിന്റെ ഇൻഷൂറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് വഴി നടത്തേണ്ടതാണ് | 3-4 |
| 26 | സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സാമഗ്രികൾ മാറ്റുന്നതിന് പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചു. 14,000 രൂപ തടസ്സപ്പെടുത്തുന്നു. | 3-5 |
| 27 | കുടിവെള്ളക്കരം വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തിയിട്ടില്ല | 3-6 |
| 28 | തെരുവ് വിളക്കുകൾ വാങ്ങിക്കലും സ്ഥാപിക്കലും - ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല | 3-7 |
| 29 | സമഗ്ര സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പദ്ധതി - രേഖകൾ ഹാജരാക്കിയിട്ടില്ല. 113925 രൂപ തടസ്സപ്പെടുത്തുന്നു. | 3-8 |
| 30 | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ അനുബന്ധ സാമഗ്രികൾ വാങ്ങൽ രേഖകൾ ഹാജരാക്കിയിട്ടില്ല. 39249 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-9 |

| | | |
|---|---|---|
| | | |
| 31 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-10 |
| 32 | ലൈഫ് മിഷൻ പൂർത്തിയാകാത്ത വീട് പൂർത്തിയാക്കൽ - ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല | 3-11 |
| 33 | പശുവളർത്തൽ പദ്ധതി:- സർക്കാർ നിർദ്ദേശം പാലിച്ചില്ല:1,30,000 രൂപ തടസ്സപ്പെടുത്തുന്നു. | 3-12 |
| 34 | പട്ടികജാതി ഭവന നിർമ്മാണം - പദ്ധതി പൂർത്തിയായില്ല. | 3-13 |
| 35 | ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന് സർക്കാർ നിർദ്ദേശം പാലിച്ചില്ല:-₹1,35,000 തടസ്സപ്പെടുത്തുന്നു. | 3-14 |
| 36 | കാർഷിക യന്ത്രവല്ക്കരണം സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല | 3-15 |
| 37 | കുടിവെള്ള പദ്ധതി- വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല-₹39,53,832 തടസ്സപ്പെടുത്തുന്നു. | 3-16 |
| 38 | മഴക്കാല പൂർവ്വശുചീകരണം: കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല | 3-17 |
| 39 | കന്നുകുട്ടിപരിപാലനം - പദ്ധതി:-അപാകങ്ങൾ | 3-18 |
| 40 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ വിതരണം - നടപടി ക്രമങ്ങളിലെ അപാകങ്ങൾ | 3-19 |

| | | |
|---|---|---|
| | | |
| 41 | മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിലെ അപാകങ്ങൽ | 3-20 |
| 42 | വിവിധ പ്രവൃത്തികൾക്ക് കേരള വാട്ടർ അതോറിറ്റിക്ക് മുൻകൂർ നൽകിയത്:- പൂർത്തീകരണ വിവരം ലഭ്യമല്ല, തുക 2,30,000/- തടസ്സപ്പെടുത്തുന്നു | 3-21 |
| 43 | ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. | 3-22 |
| 44 | ന്യൂട്രിമിക്സ് വാങ്ങുമ്പോൾ ജി.എസ്.ടി. ഒടുക്കുന്നില്ല | 3-23 |
| 45 | ബസ്സ്റ്റാന്റ് ഫീ തിരിച്ച് നല്കിയത് സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. 23000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-24 |
| ഭാഗം-4 ഓഡിറ്റ് പ്രത്യവലോകനം | | |
| 46 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 47 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 49 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 50 | സ്ഥിര നിക്ഷേപം | 4-5 |

| | | |
|---|---|---|
| 51 | ഓഡിറ്റ് റിക്കവറി | 4-6 |
| 52 | സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-7 |
| 53 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 54 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 55 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 56 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 57 | റസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 58 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 59 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

20.03.2017തീയതിയിലെ 60/17(2) തീരുമാന പ്രകാരം 2017-18 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചു.

| | |
|---|---|
| പ്രാരംഭബാക്കി | 13643706 |
| പ്രതീക്ഷിത വരവ് | 92202650 |
| ആകെ വരവ് | 105846356 |
| പ്രതീക്ഷിത ചെലവ് | 96082600 |
| നീക്കിയിരിപ്പ് | 9763756 |

( 15.03.17 ലെ 19/17 നമ്പർ തീരുമാനം പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ്

അംഗീകരിച്ചിട്ടുണ്ട്)

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214- ാം വകുപ്പ് ഉപവകുപ്പ് -1 അനുസരിച്ച് സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15 ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ് .എന്നാൽ വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളും ഉദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ മാർച്ച് മാസത്തിൽ മാത്രമാണ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചത്. ബജറ്റ് നിർദ്ദേശങ്ങൾ സമയബന്ധിതമായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിന് വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് രൂപീകരണത്തിൽ വന്നിട്ടുള്ള ഇത്തരത്തിലുള്ള അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണമെന്നും മാർച്ച് 31നകം പാസ്സാക്കണമെന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് ഉപവകുപ്പ് -1(എ) 1 നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആദ്യ ആഴ്ച കഴിഞ്ഞതിന് ശേഷം ( 20-3-2017 ൽ) മാത്രമാണ് സമർപ്പിച്ചിട്ടുള്ളത്. അന്ന് തന്നെ ബജറ്റ് പാസ്സാക്കുകയും ചെയ്തു. ബജറ്റ് ഒരേ ദിവസം തന്നെ അവതരിപ്പിക്കുകയും പാസ്സാക്കുകയും ചെയ്യുമ്പോൾ അംഗങ്ങൾക്ക് ബജറ്റ് പഠിച്ച് വിശദമായി ചർച്ചചെയ്യുവാനുള്ള സാവകാശം ലഭിക്കാതെ വരികയും തന്മൂലം യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത നിർദ്ദേശങ്ങൾ കടന്നുകൂടാൻ സാധ്യത ഉണ്ടാവുകയും ചെയ്യുന്നതാണ്. ബജറ്റ് 20-3-2017 ന് ഭരണസമിതി യോഗത്തിൽ പാസ്സാക്കിയിട്ടുണ്ടെങ്കിലും ഉപവകുപ്പ് -1(എ) 7 പ്രകാരം ബജറ്റിന്റെ പകർപ്പ് ഓഡിറ്റിന് അയച്ചുകൊടുക്കേണ്ടതാണെന്ന നിയമപരമായ ബാധ്യത നിറവേറ്റിയിട്ടില്ല. സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്ന സമിതി എന്ന നിലയിൽ വകുപ്പ് 162 -ബി പ്രകാരം രൂപീകരിക്കപ്പെട്ട സ്റ്റിയറിംഗ് കമ്മിറ്റി മേൽ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നത് ഉചിതമായിരിക്കും

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2018 | 12-06-2018 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2017-18 | 28-06-18, 29-06-18 | കെ.എസ്.എ/ കെ.എൻ.ആർ/സി5-1328/2018 തീയ്യതി. 16-07-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 49008179.55 |
| വരവ് | 114418772.00 |
| ആകെ | 163426951.55 |
| ചെലവ് | 100087717.00 |
| നീക്കിയിരിപ്പ് | 63339234.55 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 24218752 | 24218752 | 18402305 | 5816447 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6785986 | 6785986 | 5300297 | 1485689 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6359000 | 6359000 | 5309135 | 1049865 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5978243 | 5978243 | 4343541 | 1634702 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 10189741 | 10189741 | 10182184 | 7557 |

| | | | | | | |
|---|---|---|---|---|---|---|
| കെ.എൽ.ജി.എസ്.ഡി.പി (ACR പ്രകാരം) | | 0 | 6390132 | 6390132 | 5105909 | 1284223 |
| ദുരിതാശ്വാസനിധി | | 23750 | 48964 | 72714 | 11000 | 61714 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 1307 | 543432 | 544739 | 542629 | 2110 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 5976949 | 5976949 | 5976949 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ടി എസ് സി | | 890 | 719313 | 720203 | 188063 | 532140 |
| എസ്.എസ്.എ | | 48869 | 1969 | 50838 | 0 | 50838 |
| ഐ.സി.ഡി.എസ് | | 1482203 | 0 | 1482203 | 0 | 1482203 |
| പൈക്ക | | 946230 | 35246 | 981476 | 0 | 981476 |
| എൽ.എ.ഡി.എഫ്. എംപി | | 176 | 2 | 178 | 0 | 178 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| കേരളോൽസവം | | o | 20000 | 20000 | 20000 | 0 |
| ബി ഫണ്ട് വരവ് | | 0 | 55071420 | 55071420 | 55071420 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1326300 | 1326300 | 956156 | 370144 |
| | ജില്ലാ പഞ്ചായത്ത് | 0 | 1126000 | 1126000 | 499902 | 626098 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 16799100 | 16799100 | 4966428 | 11832672 |
| തനത് ഫണ്ട് * | ബാങ്ക് അക്കൗണ്ട് | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | ട്രഷറി അക്കൗണ്ട് | | | | | |
| മറ്റിനം | | 0 | 0 | 0 | 0 | 0 |

(*) പ്രത്യേകം എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിശദ വിവരങ്ങൾ ലഭ്യമല്ല

## 1-6 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ വിവരം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 220 | 104780086 | 148 | 55969427 | 15 | 72 | 133 | 60.45 |

ബി)നിർവ്വഹണ ഉദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണവും പദ്ധതി ചെലവ് വിവരവും ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ട് നടപ്പാക്കിയത് എണ്ണം | പ്രോജക്ട് നടപ്പാക്കിയത് % | പദ്ധതി അടങ്കൽ തുക | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 11 | 11 | 100 | 7442231 | 5130971 | 68.94 |
| 2 | വെറ്റിനറി സർജ്ജൻ | 12 | 11 | 91.66 | 2880511 | 1307056 | 45.37 |
| 3 | മെഡിക്കൽ ഓഫീസർ (സിഎച്ച്സി) | 4 | 4 | 100 | 1575869 | 1328331 | 84.29 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 6 | 5 | 83.33 | 1853000 | 1702900 | 91.89 |
| 5 | സബ്ബ് ഇൻസ്പെക്ടർ ഫിഷറീസ് | 3 | 2 | 66.66 | 470000 | 293230 | 62.38 |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 10 | 4 | 40 | 7314571 | 1441000 | 19.70 |
| 7 | ഐസിഡിഎസ് സൂപ്പർവൈസർ | 21 | 5 | 23.80 | 7566000 | 4880510 | 64.50 |
| 8 | സെക്രട്ടറി | 23 | 17 | 73.91 | 12192959 | 7628362 | 62.56 |
| 9 | ഹെഡ് മാസ്റ്റർ ഗവൺമെന്റ് എൽ.പി.സ്കൂൾ | 8 | 7 | 87.5 | 2939493 | 2577938 | 87.70 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 112 | 75 | 66.96 | 55085052 | 27526559 | 49.97 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 7 | 70 | 5460400 | 2152570 | 39.42 |
| 12 | ആകെ | 220 | 148 | 67.27 | 104780086 | 55969427 | 53.42 |

ആകെ 220 പ്രോജക്ടുകൾ രൂപീകരിക്കുകയും അതിൽ 148 എണ്ണം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും കൂടുതൽ പദ്ധതികൾ മരാമത്ത് മേഖലയിലാണ് നടപ്പിലാക്കിയിട്ടുള്ളതെങ്കിലും ഈ വിഭാഗത്തിൽ ആകെ രൂപീകരിക്കപ്പെട്ട പദ്ധതികളുടെ 66.96 % പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത്.അതുപോലെ ആകെ അടങ്കൽ തുകയുടെ 49.97% മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്.അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിന് ലഭ്യമായ ജീവനക്കാരുടെ എണ്ണം പരിഗണിച്ച് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവും മേൽനോട്ടവും സുഗമമായി നടത്താൻ സാധിക്കുന്ന തരത്തിൽ പ്രോജക്ടുകളുടെ എണ്ണം പരിമിതപ്പെടുത്തുന്നത് മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായകരമായിരിക്കും.

സി)പദ്ധതി നിർവ്വഹണവും വിവിധ കമ്മിറ്റികളും

ആസൂത്രണ സമിതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 16 അംഗങ്ങളടങ്ങിയ ആസൂത്രണസമിതി പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ കമ്മിറ്റി രൂപീകരിച്ചത് 09.01.2017 ലെ സ.ഉ ജി.ഒ(എം.എസ്) നം.10/2017/തസ്വഭവയിൽ നിർദ്ദേശിച്ച പ്രകാരം ഫോറം 1 ൽ നടപടിരേഖയായി പ്രസിദ്ധീകരിച്ചിട്ടില്ല. 2017-18 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് 5 തവണ സമിതി യോഗം ചേർന്നിട്ടുണ്ട്. മിനുട്സിലെ രേഖപ്പെടുത്തലുകൾ ഭാഗികമാണ്. മിനുട്സ്സിൽ അജണ്ട, ചർച്ചകൾ, തീരുമാനങ്ങൾ എന്നിവയിലെ രേഖപ്പെടുത്തലുകൾ അപൂർണമാണ്. ആസൂത്രണ സമയ വിവര പട്ടികയനുസ്സരിച്ച് പദ്ധതി പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിലും നടപ്പാക്കുന്നതിലും ഭരണസമിതിയെ സഹായിക്കുന്നതിൽ ആസൂത്രണ സമിതി വിജയിച്ചിട്ടില്ല. 2017-18 വാർഷിക പദ്ധതിയുടെ 67.27% പദ്ധതികൾ മാത്രമാണ് നടപ്പിലാക്കാൻ സാധിച്ചത്. ആസൂത്രണ സമിതിയുടെ കൃത്യമായ ഇടപെടലും സാങ്കേതിക സഹായവും പദ്ധതി നിർവ്വഹണത്തിൽ ആവശ്യമാണ്.

വർക്കിംഗ് ഗ്രൂപ്പുകൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 14 വർക്കിംഗ് ഗ്രൂപ്പുകൾ

പുന:സംഘടിപ്പിച്ചിട്ടുണ്ട്.എന്നാൽ 09.01.2017 ലെ സ.ഉ ജി.ഒ(എം.എസ്) നം.10/2017 /തസ്വഭവയിൽ നിർദ്ദേശിച്ച പ്രകാരം ഫോറം 2 ൽ നടപടിരേഖയായി പ്രസിദ്ധീകരിച്ചിട്ടില്ല. മേൽ ഉത്തരവ് പ്രകാരം വർക്കിംഗ് ഗ്രൂപ്പിലെ പരമാവധി അംഗസംഖ്യ 15 ആണ്.എന്നാൽ കൃഷി,ദാരിദ്ര്യലഘൂകരണം, വനിതാവികസനം, തുടങ്ങി പത്ത് ഗ്രൂപ്പുകളുടെ അംഗസംഖ്യ പതിനഞ്ചിൽ കൂടുതലാണ്. നടപ്പ് വർഷത്തെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പട്ടികജാതി വികസനം- 6,സ്ത്രീകളുടെയും കുട്ടികളുടെയും വികസനം-6 , വിദ്യാഭ്യാസം സംസ്കാരം-5 ,എന്നിങ്ങനെയും മറ്റ് വർക്കിംഗ് ഗ്രൂപ്പുകൾ മൂന്ന് വീതവും യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗമിനുട്സ്സിൽ അജണ്ട, ചർച്ചകൾ,എന്നിവ രേഖപ്പെടുത്തുന്നില്ല. അദ്ധ്യക്ഷൻ തീരുമാനങ്ങൾക്ക് ചുവടെ ഒപ്പ് വെച്ച് സാക്ഷ്യപ്പെടുത്താത്ത അവസരങ്ങളും ധാരാളം കാണുന്നുണ്ട്. ഇത്തരം അപാകങ്ങൾ പരിഹരിക്കപ്പെടേണ്ടതാണ്. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും സ്റ്റാറ്റസ്സ് റിപ്പോർട്ടിൽ പരാമർശിച്ച തൽസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രോജക്ടുകൾ കുറച്ചുമാത്രമേ രൂപീകരിക്കപ്പെട്ടിട്ടുള്ളൂ. വികസന സെമിനാറിലെ ഗ്രൂപ്പ് ചർച്ചയിൽ സ്റ്റാറ്റസ്സ് റിപ്പോർട്ടിൽ പരാമർശിച്ച പ്രശ്നങ്ങൾ കേന്ദ്രീകരിച്ച് ചർച്ചകൾ നയിക്കാൻ വർക്കിംഗ് ഗ്രൂപ്പുകൾ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

മോണിറ്ററിംഗ് കമ്മിറ്റി

മോണിറ്ററിംഗ് കമ്മിറ്റിക്ക് കൺവീനർമാരെ 29-6-17 ലെ 6/145/2017നമ്പർ തീരുമാന പ്രകാരം ഭരണസമിതി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നടപടി ഉത്തരവായി സെക്രട്ടറി പ്രസിദ്ധീകരിച്ചതിന്റെ രേഖ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ടുകൾ പ്രോജക്ട് ഫയലിൽ ലഭ്യമാണെങ്കിലും മോണിറ്ററിംഗ് കമ്മിറ്റി മിനുട്സ്സ് ലഭ്യമാക്കിയിട്ടില്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1307 | 543432 | 544739 | 542629 | 2110 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 5976949 | 5976949 | 5976949 | 0 |
| ആകെ | 1307 | 6520381 | 6521688 | 6519578 | 2110 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 37920 | 64 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2553800 | 349 |
| വിധവാപെൻഷൻ | 11390300 | 1464 |
| വാർദ്ധക്യകാലപെൻഷൻ | 33313800 | 4309 |
| വികലാംഗപെൻഷൻ | 3461100 | 472 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 630000 | 21 |
| 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 3684500 | 478 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6-2-19 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 70130 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും ഫയലുകളുടെയും, രജിസ്റ്ററുകളുടെയും , കണക്കുകളുടെയും രേഖകളുടെയും തയ്യാറാക്കലും സൂക്ഷിപ്പും കുറ്റമറ്റ രീതിയിലാക്കുന്നതിനും വേണ്ടിയും പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുന്നതിനുവേണ്ടിയും 25-01-2018 ലെ ഓഫീസ് ഉത്തരവ് നമ്പർ ബി4- 1/2018 പ്രകാരം നിലവിലുള്ള ഓഫീസ് ഉത്തരവ് പരിഷ്കരിച്ചിട്ടുണ്ട്. ഓരോ സെക്ഷന്റെയും സൂപ്പർ വൈസറി ഓഫീസർ മാരുടെയും ചുമതല വ്യക്തമായി വിഭജിച്ച് നൽകിയിട്ടുണ്ട്. 25-01-2018 വരെ വ്യക്തമായ ചുമതലാ വിഭജനം നടത്തിക്കൊണ്ടുള്ള ഒരു ഓഫീസ് ഉത്തരവ് ഉണ്ടായിരുന്നില്ല. ജീവനക്കാർ പേർസണൽ രജിസ്റ്റർ എഴുതി വരുന്നുണ്ടെങ്കിലും തപ്പാലുകളുടെ തുടർനിരീക്ഷണം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. മാസാന്ത്യം രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സൂപ്പർവൈസറി ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. ഓഫീസ് ഉത്തരവ് പ്രകാരം പേഴ്സണൽ രജിസ്റ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിനുള്ളചുമതല ആർക്കും നൽകിയിട്ടില്ല. ത.സ്വ.ഭ.വ സെക്രട്ടറിയുടെ 3.11.2006 ലെ 45778/ പിഎ3/2006 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയരക്ടർ 18.1.2007 ൽ എച്ച്1/13880/2006 ആയി പുറപ്പെടുവിച്ച പ്രത്യേക

കത്തിലെ നിർദ്ദേശാനുസരണം സെക്രട്ടറി പ്രതിമാസ സ്റ്റാഫ് മീറ്റിംഗ് വിളിച്ച് ചേർക്കേണ്ടതും പ്രസ്തുത യോഗത്തിൽ ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തേണ്ടതുമാണ്. എന്നാൽ പ്രതിമാസ സ്റ്റാഫ് മീറ്റിംഗ് കൃത്യമായി ചേർന്നിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ മിനുട്സ് പ്രകാരം 2017-18 വർഷത്തിൽ ആകെ 5 യോഗങ്ങൾ മാത്രമാണ് ചേർന്നിട്ടുള്ളത്. വസ്തു നികുതി ഇനത്തിൽ കുടിശ്ശിക നിവാരണത്തിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5-10-18, 22-10-18 | ജൂലൈ 2018 മുതൽ സെപ്തംബർ 2018 വരെ | 8-1-19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05-09-11 മുതൽ 14-09-11 വരെ | 2008-09 മുതൽ 2010-11 വരെ | 09-02-12 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.വസ്തു നികുതി- സാംഖ്യ സഞ്ചയ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

2.എസ് ബി ഐ -തനത് ഫണ്ട് അക്കൌണ്ട്- അക്കൌണ്ട് നമ്പർ 33608132138- ൽ directly credited by bank എന്ന് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ 14,32,432രൂപ ഏതിനത്തിലുള്ളതാണെന്ന് വ്യക്തമല്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. NEFT ട്രാൻസ്ഫർ ആയി ഗ്രാമപഞ്ചായത്ത് അക്കൌണ്ടിൽ വന്ന പ്രസ്തുത തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താതിരുന്നത് ശരിയല്ല

3.എം ജി എൻ ആർ ഇ ജി എസ്- ക്യാഷ് ബുക്ക് പ്രകാരമുള്ള വിശദാംശങ്ങൾ I-6,RP-31പത്രികകളിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല

4.അഴീക്കോട് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് അക്കൌണ്ട് നമ്പർ 002001041879 ന്റെ ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അൺക്യാഷ്ഡ് ചെക്കുകളിൽ മൂന്നു മാസത്തിൽ കൂടുതലായി പണമാക്കാതെ തുടരുന്ന താഴെ പറയുന്ന ചെക്കുകളും ഉൾപ്പെടുന്നു.

| | |
|---|---|
| 79002/5.12.17 | 240 |
| 79252/15.12.17 | 1000 |
| 77847/17.10.17 | 1000 |
| 76805/20.07.17 | 1000 |

| | |
|---|---|
| 76806/20.07.17 | 1000 |
| 73672/25.03.17 | 115 |
| 72904/20.02.17 | 1000 |
| 72905/20.02.17 | 1000 |
| 68900/15.10.16 | 1000 |
| 61867/03.08.15 | 162 |
| 170222/02.11.14 | 1000 |
| 150227/22.05.14 | 1000 |
| 123456/01.01.11 | 478 |
| 171322/16.12.14 | 738 |
| 63468/09.11.15 | 188 |
| 79502/29.12.17650000 | 13440 |
| 20080467/22.03.17 | 1250 |
| ആകെ | 25611രൂ |

പ്രസ്തുത തുക liability in respect of stale cheques എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

5.ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ ഇവ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബന്ധപ്പെട്ട വരവു ചെലവുകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല

6.ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം , സമ്പൂർണ്ണ ശുചിത്വ പദ്ധതി തുടങ്ങി വിവിധ ഏജൻസികളിൽ നിന്ന് ലഭ്യമായ ഗ്രാന്റുകൾ സംബന്ധിച്ച വരവു ചെലവുകൾ രേഖപ്പെടുത്തുന്ന എസിആർ എഴുതി സൂക്ഷിച്ചിട്ടില്ല. ഐ സി ഡി എസ് - കേന്ദ്രവിഹിതമായി ലഭിച്ചതിൽ തൻവർഷത്തെ ബി 4 ഷെഡ്യൂൾ പ്രകാരം 14,82,203രൂപ നീക്കിയിരിപ്പുണ്ട്. മുൻവർഷത്തെ നീക്കിയിരിപ്പായ പ്രസ്തുത തുക ഏതാവശ്യത്തിനായി ലഭ്യമായതാണെന്ന് വ്യക്തമല്ല

7.വാർഷിക സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

8.ബി 11,ഐ 17(a), ആർ പി 38 ഇവ പ്രകാരമുള്ള ആസ്തി മൂല്യം, ഡിപ്രീസിയേഷൻ വിവരങ്ങൾ തയ്യാറാക്കിയതുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. സചിത്ര സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്ത് ആസ്തിയുടെ മൂല്യനിർണ്ണയം പൂർത്തിയാക്കിയിട്ടില്ല

9.ബിൽഡിംഗ് പെർമിറ്റ് ഫീസ്, റഗുലറൈസേഷൻ ഫീസ്, മണൽ വിപണനം, ഇൻസ്റ്റലേഷൻ ഫീസ്, ബിലേറ്റഡ് ഫീസ്, പലവക വരവുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ വാർഷിക സംഗ്രഹം പരിശോധനക്കായി ഹാജരാക്കിയിട്ടില്ല

10.തൊഴിൽ രഹിത വേതനം- 08/09/17 ന് തിരിച്ചടച്ച 3000രൂപ ഉൾപ്പെടെയാണ് ആർ പി 7 ൽ ചേർത്തത്. യഥാർത്ഥ ചെലവ് 37920രൂപ . ആർ പി 7ൽ രേഖപ്പെടുത്തിയത് 40920രൂപ.

11.ആർ പി 31 ൽ സംയോജിത പദ്ധതികൾക്കായി ലഭിച്ച ജില്ലാ പഞ്ചായത്ത് /ബ്ലോക്ക്

പഞ്ചായത്ത് വിഹിതങ്ങൾ യഥാക്രമം 6,50,000രൂപയും 15,35,000 രൂപയുമാണ്. ബന്ധപ്പെട്ട ലഡ്ജർ പരിശോധിച്ചപ്പോൾ ഇവ യഥാക്രമം 837500രൂപയും 1347500രൂപയുമാണ്. 187500രൂപ പരസ്പരം മാറിയാണോ രേഖപ്പെടുത്തിയത് എന്ന് പരിശോധിച്ച് വിവരം അറിയിക്കേണ്ടതാണ്.

12.ജനറൽ പർപ്പസ് ഫണ്ട് അക്കൗണ്ടിൽ നിന്നും സർക്കാരിലേക്ക് തിരിച്ചു പിടിച്ച തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല (3,40,46,030രൂപ). പ്രസ്തുത തുക ഉൾപ്പെടെ 3,66,72,497രൂപ നീക്കിയിരിപ്പുള്ളതായാണ് ആർ പി 40(b) ൽ ചേർത്തിട്ടുള്ളത്.

13.പൈക്ക പദ്ധതിക്കായി മുൻവർഷങ്ങളിൽ ലഭിച്ചതിൽ പലിശയുൾപ്പെടെ 9,81,476രൂപ നീക്കിയിരിപ്പുള്ളതായി ബി 4ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ഏതാവശ്യത്തിന് ലഭ്യമായതാണെന്ന് വ്യക്തമല്ല

14.ജലനിധി അക്കൌണ്ടിൽ ബാക്കിയുണ്ടായിരുന്ന 56511രൂപ എസ് ബി ഐ യിലെ തനത് ഫണ്ട് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിനാൽ ബി 4 ലും ആർ പി 40(b) യിലും പ്രസ്തുത ഹെഡിലെ നീക്കിയിരിപ്പ് വ്യത്യസ്തമാണ്.

15. 2017-18 B 9 പ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ പേയബിൾ ഇനത്തിൽ 91926 രൂപയും എൽ ഐ സി ഇനത്തിൽ 21201 രൂപയും ജി പി എ ഐ എസ് ഇനത്തിൽ 400രൂപയും ബാങ്ക് & അദർ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് - റിക്കവറീസ് പേയബിൾ ഇനത്തിൽ 8000രൂപയും ലയബിലിറ്റി കാണിച്ചിട്ടുണ്ട്. എന്നാൽ 2018 ഏപ്രിൽ മാസം ബന്ധപ്പെട്ട ഇനങ്ങളുടെ വൗച്ചറുകൾ പ്രകാരം ചെലവ് 62775രൂപയും 19524രൂപയും 4000രൂപയുമാണ്. ബാക്കിതുക യഥാസമയം ഒടുക്കിയിട്ടില്ല. കൂടാതെ ഇൻകം ടാക്സ് ഉൾപ്പെടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ഒടുക്കുവാനുള്ള മറ്റിനങ്ങളിലും നീക്കിയിരിപ്പുള്ളതായി കാണുന്നു. തുക യഥാസമയം ഒടുക്കാത്തതും ശരിയല്ല.

6. 15-01-18 മുതൽ 31-03-18 വരെ ബസ് സ്റ്റാന്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത വകയിൽ ₹10,050/- വരവുണ്ട്.എന്നാൽ RP-43 ഷെഡ്യൂൾ പ്രകാരം ₹ 9050 /- മാത്രമാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-13 ദുരിതാശ്വാസ നിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധി അക്കൗണ്ടിൽ (അക്കൗണ്ട് നം. 1024005005831, കണ്ണൂർ ജില്ലാ സഹ.ബാങ്ക്, അഴീക്കോട്) 31-03-2017ന് 23750 രൂപയും 31-03-2018 ന് 61,714 രൂപയും നീക്കിയിരിപ്പുണ്ട്. 31-07-17 ന് ശേഷം പ്രസ്തുത നിധിയിൽനിന്ന് യാതൊരുവിധ ചെലവും നടന്നിട്ടില്ല. മേൽ ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി രൂപീകരിച്ച പ്രസ്തുത നിധി ഈ രീതിയിൽ നിഷ്ക്രിയമായി തുടരുന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. ദുരിതാശ്വാസ നിധി സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് വ്യാപകമായ പ്രചാരണം നൽകേണ്ടതും ചട്ടം 7

പ്രകാരം നിധിയിൽനിന്ന് ധനസഹായത്തിനായി അപേക്ഷിച്ചവരുടെയും ധനസഹായം ലഭിച്ചവരുടെയും നിധിയിലേക്ക് സംഭാവന നല്കിയവരുടെയും പേരുവിവരങ്ങളും തുകയും മറ്റു കണക്കുകളും രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ടി വിവരങ്ങൾ യഥാസമയം ഓഫീസ് നോട്ടീസ് ബോർഡിൽ സെക്രട്ടറി പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത വിവരങ്ങൾ ഗ്രാമസഭകളിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 മാന്വൽ രശീത് ബുക്കുകൾ കൈകാര്യം ചെയ്യുന്നതിലെ അപാകങ്ങൾ

അഴീക്കോട് ഗ്രാമ പഞ്ചായത്തിലെ മാന്വൽ രശീത് ബുക്കുകൾ കൈകാര്യം ചെയ്യുന്നതിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ബുക്ക് നമ്പർ 4501 ലെ 1-ാം നമ്പർ രശീത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല .

2. രശീത് ബുക്കുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഉദാഹരണങ്ങൾ : ബുക്ക് നമ്പർ, 4501, 4506, 4509, 4510

3. കൃഷി ഓഫീസർക്ക് വിതരണം ചെയ്ത രശീത് ബുക്കുകളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല (ബുക്ക് നമ്പർ 33383, 33391, 33392, 4477, 4478, 4510).

4. 22-02-2018 ലെ 12/18 നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം താഴെപ്പറയുന്ന 3 പേർക്ക് രശീത് പുസ്തകങ്ങൾ വിതരണം നടത്തിയതായി മാന്വൽ രശീത് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ജീവനക്കാരുടെ തസ്തിക രേഖപ്പെടുത്തിയിട്ടില്ല). ഇവർക്ക് വിതരണം നടത്തിയ രശീതുബുക്കുകൾ പ്രകാരമുള്ള വരവുവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | രശീത് ബുക്ക് നമ്പർ | ഉപയോഗിച്ച രശീതുകളുടെ എണ്ണം | പിരിച്ചെടുത്ത തുക |
|---|---|---|---|---|
| 1 | മരിയ എഡ്വിന, ഓഫീസ് അറ്റന്റന്റ് | 4504 | 44 | 11019 |
| 2 | സുജാത കുനിയിൽ, ഓഫീസ് അറ്റന്റന്റ് | 4503 | 29 | 20013 |
| 3 | കെ അശോകൻ, പി.ടി.പി.കെ | 4502 | 41 | 10322 |

വസ്തുനികുതിയിനത്തിൽ ലക്ഷങ്ങളുടെ കുടിശ്ശികയുള്ള പഞ്ചായത്തിൽ നികുതി പിരിവിനായി ഓഫീസ് ഉത്തരവു പ്രകാരം നിയോഗിക്കപ്പെട്ടെങ്കിലും ഇവർ വേണ്ട വിധത്തിൽ ചുമതല നിറവേറ്റിയിട്ടില്ല. വിരലിലെണ്ണാവുന്ന രശീത് മാത്രമേ ഇവർ ഉപയോഗിച്ചിട്ടുള്ളൂ. ഓരോരുത്തർക്കും രശീത് ബുക്കും കളക്ഷൻ രജിസ്റ്ററും വിതരണം ചെയ്തിട്ടുണ്ട്. ഉപയോഗിക്കാത്ത രശീതുകൾ സാമ്പത്തിക വർഷം കഴിഞ്ഞാൽ ക്യാൻസൽ ചെയ്യണമെന്നിരിക്കേ സ്റ്റേഷനറി നഷ്ടം ഒഴിവാക്കുന്നതിനും ഏല്പിച്ച ജോലി കാര്യക്ഷമമായി ചെയ്യുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി പരിഷ്കരണ നടപടികൾ പുനപരിശോധിച്ച് നഷ്ടം ഈടാക്കേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.2011 ലെ സ.ഉ.(അ) നമ്പർ 18/11/ത.സ്വ.ഭ.വ പ്രകാരമുള്ള വസ്തുനികുതി പരിഷ്കരണം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്.2017-18 വർഷത്തെ വസ്തുനികുതി- ന്യൂ ബിൽഡിംഗ് രജിസ്ററും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള നികുതി നിർണ്ണയവും പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ അവശ്യ വിവരങ്ങൾ ചേർക്കുന്നില്ല.

ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ കെട്ടിട നമ്പറിനുള്ള അപേക്ഷ ലഭിച്ച തീയ്യതി, തപാൽ നമ്പർ, കെട്ടിടത്തിന്റെ തരം, പൂർത്തീകരണ തീയ്യതി, നമ്പർ അനുവദിച്ച തീയ്യതി എന്നിവ ചേർക്കുന്നില്ല.

2. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ചട്ടം-4 ഉപചട്ടം1-ൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടഭാഗത്തിനും പ്രത്യേക വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ആളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പർ നല്കി 100 ച.മീ. കുറവുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ 40 രൂപയാണ് ചുമത്തുന്നത്. തദ്ദേശ സ്വയം ഭരണ (ആർ ഡി) വകുപ്പിന്റെ 14-01-2011ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011/ത.സ്വ.ഭ.വ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശത്തെ കെട്ടിടങ്ങളുടെ നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. വിജ്ഞാപനം പ്രകാരം വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നതും 100 ച.മീ. ൽ അധികവുമുള്ള കെട്ടിടങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് ച. മീറ്ററിന് 50 രൂപ നിരക്കിൽ വസ്തുനികുതി നിശ്ചയിച്ചിട്ടുണ്ട്. ഒരേ ആളിന്റെ ഉടമസ്ഥതയിലുള്ള ഒരേ ഉപയോഗക്രമത്തിലുള്ള 100 ച.കി. ൽ അധികമുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കിയതിനാൽ പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. 2017-18 വർഷം 100 ച.മീ. ൽ അധികം വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി വ്യത്യസ്ത രീതിയിൽ ഈടാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

ഫയൽ നമ്പർ എ2-3977, തീയ്യതി 16-05-17 – ശ്രീമതി ഷമീമ തയ്യിൽ എന്നവരുടെ ഉടമ സ്ഥതയിലുള്ള 155.03 ച.മീ. തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് (6 മുറികൾ) ആദ്യം 100 ച.മീ. കുറവുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ

40 രൂപ പ്രകാരം നികുതി നിർണ്ണയം നടത്തുകയും പിന്നീട് 100 ച.മീ. ൽ അധികവുമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ച. മീറ്ററിന് 50 രൂപ നിരക്കിൽ സഞ്ചയയിൽ വസ്തുനികുതി പുനർ നിർണ്ണയം നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവിൽ സമാന തറവിസ്തീർണ്ണമുള്ള മറ്റു വാണിജ്യ കെട്ടിടങ്ങൾക്ക് 40 രൂപ നിരക്കിൽ തന്നെ നികുതി നിർണ്ണയം നടത്തിയതായും കാണുന്നു (ഫയൽ നമ്പർ എ3-3344, തീയ്യതി 20-04-17 - ഓലച്ചേരി ലീല, തറവിസ്തീർണ്ണം 193.14 ച.മീ- 13 മുറികൾ). 2015-16, 2016-17 വർഷങ്ങളിലും സമാന രീതിയിലാണ് (@ 40/-) നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്.

ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വർഷം | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തു നികുതി |
|---|---|---|---|---|---|---|
| 1 | 2015-16 | നായക്കൻ നെല്ലിക്കുന്നുമ്മൽനൗഷാദ് | V 273 A,B,C,D | 106.06 | @40 | @50 |
| 2 | 2015-16 | സെക്രട്ടറി, പരയങ്ങാട് ദേവീക്ഷേത്ര കമ്മിററി | XI 354 A,B,C,D | 152.208 | @40 | @50 |
| 3 | 2016-17 | കുറുക്കൻ വടക്കയിൽ ഷാഹുൽ ഹമീദ് | VI 66 A,B,C,D,E | 117.254 | @40 | @50 |
| 4 | 2016-17 | സെയ്തമ്മാരകത്ത് ലെയ്ച്ചിറപ്പുരയിൽ ശരീഫ മുതൽ പേർ | XII 377 A,B,C,D,E | 103.62 | @40 | @50 |
| 5 | 2016-17 | സാഹിദ തറയിൽ പീടികയിൽ | VIII 320 A,B,C,D | 114.77 | @40 | @50 |

ആയതിന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.15/17-18,തീയ്യതി : 14-02-2019) മറുപടി നൽകിയിട്ടില്ല. വസ്തുനികുതി പരിഷ്കരണത്തിനു ശേഷം സമാനരീതിയിൽ നികുതി നിർണ്ണയിച്ച മുഴുവൻ ഫയലുകളും പരിശോധിച്ച് നികുതി പുനർ നിർണ്ണയിക്കേണ്ടതും നഷ്ടം വന്ന തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

3. 2015-16 വർഷത്തെ ന്യൂ ബിൽഡിംഗ് രജിസ്ററർ, പേജ് നമ്പർ 180, തറയിൽ പീടികയിൽ മുജീബുൽ റഹ്മാൻ, (ഫയൽ നമ്പർ A2-9073/15) 141 ച.മീ. തറവിസ്തീർണ്ണമുള്ള സ്റ്റോർ ബിൽഡിംഗിന് നികുതി നിർണ്ണയം നടത്തി 4738/- രൂപ നികുതി ചുമത്തിയിട്ടുണ്ട്. രജിസ്ററിൽ സ്റ്റോർ ബിൽഡിംഗ് (നികുതി @₹50/ച.മീ.)എന്ന ചേർത്തിട്ടുള്ള പ്രസ്തുത കെട്ടിടത്തിന് സഞ്ചയയിൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ/റെസ്റ്റോറന്റ് /ഷോപ്പുകൾ/ഗോഡൗണുകൾ എന്ന ഗണത്തിൽപെടുത്തിയാണ് നികുതി (നികുതി @₹40/ച.മീ.) നിർണ്ണയിച്ചിട്ടുള്ളത്. 141 ച.മീ. തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് ഈ രീതിയിൽ നികുതി നിർണ്ണയിച്ചതിന് കാരണം വ്യക്തമാക്കുന്നതിനും ഇതുസംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല.

4. അഴീക്കോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 20-11-2017 ലെ 11/2017 നമ്പർ ഓഫീസ് ഉത്തരവ് :-

നിലവിൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം കുടിശ്ശിക ഉൾപ്പെടെ 555314/- രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. പോസ്റ്റിംഗിൽ വന്ന അപാകം കാരണമാണ് ഇത്രയും ബാലൻസ് വന്നതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടതിനാൽ 2013-14, 2014-15 വർഷങ്ങളിലെ വസ്തുനികുതി പോസ്റ്റിംഗിൽ ഒരു ക്രോസ്സ് പരിശോധന ജീവനക്കാർ നടത്തേണ്ടതാണ്.

5. വസ്തുനികുതി പരിഷ്കരണം - അപാകങ്ങൾ പരിഹരിക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച അഴീക്കോട് ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 16-02-2018 ലെ 2/81/2018 നമ്പർ തീരുമാനം :-

അഴീക്കോട് ഗ്രാമ പഞ്ചായത്തിൽ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കമ്പ്യൂട്ടറൈസേഷൻ പ്രവർത്തനങ്ങൾ എല്ലാം 2016-17 കാലഘട്ടത്തിൽ പൂർത്തിയാക്കിയതായും എന്നാൽ നികുതി പിരിവിന്റെ ഭാഗമായി ജനങ്ങൾ കെട്ടിടനികുതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് പഞ്ചായത്ത് ഓഫീസിനെ സമീപിക്കുമ്പോൾ ബന്ധപ്പെട്ട സോഫ്റ്റ് വെയർ പരിശോധനാ വിധേയമാക്കിയതിൽ 2011 കാലയളവ് മുതലുള്ള ഉടമസ്ഥാവകാശ മാറ്റങ്ങളുമായി ബന്ധപ്പെട്ട 1500 ഓളം കെട്ടിടങ്ങളുടെ വിവരങ്ങൾ തെറ്റായി മുൻഉടമസ്ഥരുടെ പേരിൽ തന്നെയാണെന്നും കൂടാതെ 2013-14 കാലയളവുമുതൽ നികുതി ഒഴിവാക്കുന്നതിനായി വിമുക്തഭടന്മാരും പൊതുജനങ്ങളും അപേക്ഷ സമർപ്പിക്കുകയും അതിൻമേൽ സ്റ്റാന്റിംഗ് കമ്മിറ്റിയിലൂടെ തീരുമാനം വന്നിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ് വെയറിൽ മാറ്റങ്ങൾ വരാത്തതിനാൽ നികുതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങളും മറ്റ് ഓഫീസ് പ്രവർത്തനങ്ങളും മുന്നോട്ട് കൊണ്ടുപോകാൻ ആകാത്തവിധം ബുദ്ധിമുട്ടുകയാണെന്നും ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് വളരെയേറെ സമയം നഷ്ടമാകുന്നുണ്ടെന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി യോഗത്തിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ മേൽ കാര്യങ്ങൾ പരിഗണിച്ച് നിലവിലുള്ള അസസ്സ്മെന്റ് രജിസ്ററുകളും മറ്റ് രേഖകളും പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണെന്ന് യോഗം വിലയിരുത്തി. ഇതിനായി പഴയകാല അസസ്സ്മെന്റ് രജിസ്ററുകൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 2 പേരെ ദിവസവേതനാടിസ്ഥാനത്തിൽ ഒരുമാസ കാലയളവിലേക്ക് നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ക്രമ നമ്പർ (4) ഓഫീസ് ഉത്തരവ്, ക്രമ നമ്പർ (5) പഞ്ചായത്ത് തീരുമാനം എന്നിവയിൽ സ്വീകരിച്ച തുടർനടപടികളും ഇതു സംബന്ധിച്ച നിലവിലെ സ്ഥിതിയും അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.19/17-18, തീയ്യതി : 15-02-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച അപാകങ്ങളുടെ അടിസ്ഥാനത്തിൽ അഴീക്കോട് ഗ്രാമ

പഞ്ചായത്തിൽ നടത്തിയ വസ്തുനികുതി പരിഷ്കരണ നടപടികൾ പുനപരിശോധിക്കേണ്ടതും നഷ്ടം വന്ന തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 2-3 കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിലെ അപാകങ്ങൾ

2017-18 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. 2017-18 വർഷത്തെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിൻമേലും തീർപ്പു കൽപ്പിച്ചിട്ടില്ല.

| ക്രമ നമ്പർ (രജിസ്റ്റർ) | പേജ് നമ്പർ | അപേക്ഷകന്റെ പേര് | പെർമിറ്റ് ആവശ്യം |
|---|---|---|---|
| 8 to 18 | 3 | പടിഞ്ഞാററ പുരയിൽ കമലാക്ഷൻ മുതൽ പുറ്റവക്കാടൻ കണ്ണോത്ത് രേഖ വരെ | രേഖപ്പെടുത്തിയിട്ടില്ല. |
| 24 | 4 | മൊട്ടേമ്മൽ സന്തോഷ് | " |
| 34 | 4 | സെക്രട്ടറി, ഡേസ് ചാരിറ്റബിൾ ട്രസ്റ്റ് | ഉടമസ്ഥാവകാശം മാറ്റുന്നതിന് |
| 49 | 5 | കോരമ്പേത്ത് രോഹിണി | വാണിജ്യാവശ്യം |
| 102 to 107 | 9 | തൊട്ടേൻ പടിഞ്ഞാററപുറത്ത് മോഹനൻ മുതൽ പനയൻ ഗിരീശൻ വരെ | രേഖപ്പെടുത്തിയിട്ടില്ല. |
| 126 | 9 | ടി പി ഷമീർ | വാണിജ്യാവശ്യം |

ഈ അപക്ഷകളിൽ തീർപ്പുകല്പിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 10 /17-18,തീയ്യതി : 13-02-2019) മറുപടി നൽകിയിട്ടില്ല .

2. പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല (അപേക്ഷ ലഭിച്ച തീയ്യതി, പെർമിറ്റ് ആവശ്യം, പ്ലിന്ത് ഏരിയ, ഒടുക്കിയ ഫീസ് , പെർമിറ്റ് അനുവദിച്ചോ/നിരസിച്ചോ എന്ന്)

3. പെർമിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തമെഴുതി സെക്രട്ടറി സാക്ഷ്യപ്പെട്ട ത്തിയിട്ടില്ല.

അപാകങ്ങൾ പരിഹരിച്ച് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി ഒടുക്കുന്നില്ല

2017-18 വർഷം താഴെപ്പറയുന്നവർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

1. പോർട്ട് മണൽ ശേഖരണത്തിന് അഴീക്കോട് ഗ്രാമ പഞ്ചായത്തിലെ മൂന്ന് കടവുകളിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾ, കടവ് സൂപ്പർവൈസർമാർ, കോൺട്രാക്ടർമാർ എന്നിവർ. (രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല).

2. ഗ്രാമ പഞ്ചായത്തിലെ 45 അങ്കണവാടികളിലെ വർക്കർമാർ, ഹെൽപ്പർമാർ.

3. പാലിയേറ്റീവ് നഴ്സ്.

4. ഗ്രാമ പഞ്ചായത്ത് 2017-18 വർഷം വിവിധ ആവശ്യങ്ങൾക്ക് ദിവസവേതനത്തിന് നിയമിച്ച ജീവനക്കാർ.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/17-18, തീയ്യതി : 14-02-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ വിഭാഗം ജീവനക്കാരും തൊഴിലാളികളും തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ഡി & ഒ ലൈസൻസ് - ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

അഴീക്കോട് ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും വ്യവസായികളുടെയും മറ്റ് സ്ഥാപനങ്ങളുടെയും പേര് വിവരങ്ങളടങ്ങിയ വാർഡ് തലത്തിൽ തയ്യാറാക്കിയ രജിസ്റ്റർ (ട്രേഡേഴ്സ് ലിസ്റ്റ്) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നു എന്നുറപ്പുവരുത്താൻ സാധിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-6 ഷോപ്പിംഗ് കോംപ്ലക്സ് വാടക 10975/- രൂപയുടെ കുടിശ്ശിക

2017-18 വർഷത്തെ വാടക രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക B-15 ഷെഡ്യൂൾ എന്നിവ പ്രകാരം വാടകയിനത്തിൽ 10975/- രൂപയുടെ കുടിശ്ശികയുണ്ട്. കുടിശ്ശിക ഇതിനോടകം പിരിച്ചെടുത്തിട്ടില്ലെങ്കിൽ ഇതു സംബന്ധിച്ച ഇനംതിരിച്ച വിവരങ്ങളും സ്വീകരിച്ച തുടർ നടപടികളും അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/17-18, തീയ്യതി : 15-02-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക പിരിച്ചെടുക്കാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 അടിസ്ഥാന സൗകര്യം ഒരുക്കാതെ ബസ് സ്റ്റാന്റ് ഫീസ് പിരിവ് ലേലം ചെയ്തു: പഞ്ചായത്തിന് വരുമാന നഷ്ടം

അഴീക്കോട് ഗ്രാമപഞ്ചായത്തിലെ അഴീക്കൽ ബസ് സ്റ്റാന്റ് ഫീസ് പിരിക്കുന്നതുമായി ബന്ധപ്പെട്ട് 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെ ഒരു ദിവസത്തേക്ക് ബസ്സ് ഒന്നിന് 15 രൂപ നിരക്കിൽ ശ്രീ.ഹാഷിർ മംഗല എന്ന വ്യക്തി ലേലം ഏറ്റെടുത്തിരുന്നു.2017-18 വർഷത്തേക്ക് ലേലം നടത്തിയതിന്റെ ഫയൽ, ലേല രജിസ്റ്റർ, ലേലം കൊണ്ടയാളുമായി ചമച്ച കരാർ എന്നിവയൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഫയൽ നം.A1-8813/2017 ന്റെ ഓഫീസ് നോട്ട്,ശ്രീ.ഹാഷിർ മംഗലയുടെ അപേക്ഷ, പഞ്ചായത്ത് തീരുമാനത്തിന്റെ പകർപ്പ് എന്നിവ പ്രകാരം ബസ്സ്റ്റാന്റിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലം ബസ്സുടമകൾ ഫീസ്

നൽകാൻ തയ്യാറാകാത്തതിനാൽ ലേലക്കാരന്റെ അപേക്ഷ പരിഗണിച്ച് 22-4-17 ലെ 6/82/17 നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരം 15 രൂപ നിശ്ചയിച്ച ബസ് സ്റ്റാന്റ് ഫീസ് 10 രൂപയായി കുറച്ചുകൊടുത്തെങ്കിലും ഫീസ് പിരിക്കാൻ ദിവസങ്ങൾ അപര്യാപ്തമായതിനാൽ ടിയാനെ ഫീസ് പിരിക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിനും ലേലയിനത്തിൽ അടവാക്കിയ 33,000 രൂപ (മുൻകൂറായി അടവാക്കിയ 10,000 രൂപയും ഒന്നാം ഗഡുവായി അടവാക്കിയ 23,000 രൂപയും) തിരികെ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ടിയാന് ₹23,000/- തിരികെ നൽകി (വൗച്ചർ നം.21701194, തീ.31-01-18 ) ലേലത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.തുടർന്ന് 15-01-18 മുതൽ 31-03-18 വരെ ബസ് സ്റ്റാന്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം 10-01-18 ന് കെ.രമേശൻ എന്ന വ്യക്തിക്ക് പുനർലേലം ചെയ്ത വകയിൽ ₹10050 വരവുണ്ട്.ഇതുമായി ബന്ധപ്പെട്ട ലേല ഡയറി മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ബസ് സ്റ്റാന്റ് ഫീസ് പിരിവ് ലേലം നടത്തിയതുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23,തി.15-02-19)മറുപടി ലഭ്യമാക്കിയിട്ടില്ല. അവശ്യ സൗകര്യങ്ങളൊരുക്കാതെ ബസ് സ്റ്റാന്റ് ഫീസ് പിരിവ് അവകാശം ലേലം ചെയ്തതുവഴി പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടായത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-8 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ചുമത്താനാകുമോ എന്ന സാഹചര്യം പരിശോധിക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ച ചട്ടങ്ങളിലെ ചട്ടം 27 പ്രകാരം പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ലഭ്യമാക്കുന്ന സേവനങ്ങൾക്ക് നികുതി ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധയിൽപെടുത്തുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബോണസ് ഇനത്തിൽ അധികം നല്കിയ 1250 രൂപ നിരാകരിക്കുന്നു

ശ്രീ.ദിജേഷ് മുരളി ക്ലാർക്ക് 03/2017-ലെ അടിസ്ഥാന ശമ്പളം 22200 രൂപയാണ്. ജീവനക്കാരന്റെ ക്ഷാമബത്ത (3108)14% ഉൾപ്പെടെ ഇമോളുമെന്റ്സ് 25308 രൂപയാണ്. (ഇൻക്രിമെന്റ് കുടിശ്ശിക വൗച്ചർ നമ്പർ 51700210/27-05-2017 ഉൾപ്പെടെ) എന്നാൽ വൗച്ചർ നമ്പർ 51700481/25-08-2017 പ്രകാരം 4000 രൂപ ബോണസ് അനുവദിച്ചിട്ടുണ്ട്. ജി.ഒ.(പി)

107/2017/ധന തീയതി 16-08-2017 പ്രകാരം 24000 രൂപ ഇമോളുമെന്റ്സ് ലഭിക്കുന്ന ജീവനക്കാർക്കാണ് 4000 രൂപ ബോണസിന് അർഹത. 24000 രൂപ ഇമോളുമെന്റ്സിൽ അധികം ലഭിക്കുന്നവർക്ക് സ്പെഷൽ ഫെസ്റ്റിവൽ അലവൻസിന് മാത്രമാണ് അർഹത. അധികം നല്കിയ 1250 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-2 ശമ്പള പരിഷ്കരണ കുടിശ്ശിക ഡ്യൂ, ഡ്രോൺ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. 8262 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പഞ്ചായത്തിൽ നിന്ന് 28-02-2015 ൽ വിരമിച്ച ക്ലാർക്ക് (ഹയർഗ്രേഡ്) ശ്രീമതി.സൈബു ഐ.സി ക്ക് 2014 ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ഒന്നും, രണ്ടും ഗഡുക്കളായി ₹ 8262/- (വൗച്ചർ നമ്പർ 21701107/05-01-2018) രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും കുടിശ്ശിക കണക്കാക്കിയ ഡ്യൂ, ഡ്രോൺ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കുടിശ്ശിക കണക്കാക്കിയ ഡ്യൂ, ഡ്രോൺ സ്റ്റേറ്റ്മെന്റ് ഹാജരാക്കേണ്ടതാണ്. 8262 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് വരിസംഖ്യ:- സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ഈടാക്കുന്നില്ല

ജീവനക്കാരുടെ 02/2018 ലെ ശമ്പളബിൽ പരിശോധിച്ചതിൽ ജി.ഒ.(പി)149/2016/ധന തീയതി 04-10-2016 (പ്രാബല്യം 01-01-17 മുതൽ )പ്രകാരം സർക്കാർ നിശ്ചയിച്ച നിരക്കിലും കുറഞ്ഞ നിരക്കിലാണ് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് വരിസംഖ്യ ഈടാക്കിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര്/തസ്തിക | അടിസ്ഥാന ശമ്പളം | സർക്കാർ നിശ്ചയിച്ച നിരക്ക് | ഈടാക്കുന്നത് |
|---|---|---|---|
| കെ.കെ.രാജലക്ഷ്മി<br>ജൂനിയർ സൂപ്രണ്ട് | 43600 | 500 | 300 |
| സുരേഷ് കുമാർ.കെ.<br>സീനിയർ ക്ലാർക്ക് | 35700 | 500 | 300 |
| ഗീതമ്മ.പി.എൻ<br>സീനിയർ ക്ലാർക്ക് | 35700 | 500 | 100 |
| ചന്ദ്രൻ ഫുൾടൈം സ്വീപ്പർ ഗ്രേഡ് I | 24600 | 300 | 120 |

ജീവനക്കാരിൽനിന്ന് സർക്കാർ നിർദ്ദേശിച്ച നിരക്കിൽ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് വരിസംഖ്യ ഈടാക്കേണ്ടതാണ്.

## 3-4 വാഹനത്തിന്റെ ഇൻഷ്വറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴി നടത്തേണ്ടതാണ്

പഞ്ചായത്ത് വാഹനമായ KL.13/R-6383 ജീപ്പ് യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിലാണ് ഇൻഷ്വർ ചെയ്തിരിക്കുന്നത് . ഈ ഇനത്തിൽ 2017-18 വർഷം വൗച്ചർ നമ്പർ 51700277 തീയതി 12-06-2017 പ്രകാരം ₹10988 രൂപ ചെലവഴിച്ചിട്ടുണ്ട്. 18.04.2000 ലെ ജി.ഒ.(പി) നം. 819/2000/ധന. ഉത്തരവു പ്രകാരം സർക്കാർ വാഹനങ്ങളുടെ എല്ലാ ഇൻഷ്വറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ പഞ്ചായത്തിന്റെ അധീനതയിലുള്ള വാഹനത്തിന്റെ ഇൻഷ്വറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴി നടത്തേണ്ടതാണ്.

## 3-5 സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സാമഗ്രികൾ മാറ്റുന്നതിന് പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചു. 14,000 രൂപ തടസ്സപ്പെടുത്തുന്നു.

2010-11 വർഷത്തിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്ത അഴീക്കോട് ഗ്രാമപഞ്ചായത്തിലെ പുതിയാപറമ്പ് - പൂതപ്പാറ റോഡിന് വേണ്ടി പി. രാമചന്ദ്രൻ , സതീനിവാസ്, പള്ളിക്കുന്ന് എന്നവർ ഇറക്കിയ കരിങ്കല്ല് ബോൾഡർ പ്രവൃത്തി ആരംഭിക്കാതെ മൊളോളം അമ്പലത്തിന് മുൻപിൽ കൂട്ടിയിട്ടത് പഞ്ചായത്ത് മിനി സ്റ്റേഡിയത്തിലേക്ക് മാറ്റുന്നതിന് ജെ.സി.ബി. വാടക ഇനത്തിൽ 7000 രൂപയും ടിപ്പർ വാടക ഇനത്തിൽ 7000 രൂപയും ഉൾപ്പെടെ 14,000 രൂപ(വൗച്ചർ നമ്പർ 217000136/03-05-2017) തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. കരാറുകാരൻ നിർവ്വഹിക്കേണ്ട ചുമതല പഞ്ചായത്ത് നിർവ്വഹിച്ചത് കാരണം വന്ന ചെലവ് കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കിയിട്ടില്ല. കരിങ്കല്ല് പഞ്ചായത്തിന്റെ കൈവശം ഉണ്ടോയെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് 13/15-02-2019 മറുപടി നല്കിയിട്ടില്ല. 14000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 കുടിവെള്ളക്കരം വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തിയിട്ടില്ല

പഞ്ചായത്തിൽ 245 കുടിവെള്ള ടാപ്പുകൾക്കായി തൻവർഷം 12,86,256 രൂപ കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. നാളിതുവരെ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല. പ്രവർത്തിക്കുന്ന സ്ട്രീറ്റ് ടാപ്പുകളുടെ തുക മാത്രമേ ഒടുക്കുന്നുള്ളുവെന്ന് ഉറപ്പുവരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 തെരുവ് വിളക്കുകൾ വാങ്ങിക്കലും സ്ഥാപിക്കലും - ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

പ്രോജക്റ്റ് നമ്പർ/പേര്- 19/2018 പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ

അടങ്കൽ -300000 ( തനത് ഫണ്ട്.)

വൗച്ചർ നമ്പർ 21701537/25-03-2018 297600 /-

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് പ്രകാരം 90എൽ.ഇ.ഡി. (24വാട്ട്) തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ക്ലൂസ്, കാസർഗോഡ് എന്ന സ്ഥാപനത്തിന് 297600 രൂപ നല്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയത് സംബന്ധിച്ച് കെ.എസ്.ഇ.ബി.യിൽ നിന്നുള്ള ഇൻസ്റ്റലേഷൻ റിപ്പോർട്ട്, തെരുവ് വിളക്ക് സ്ഥാപിച്ചതിനുള്ള വാർഡ് മെമ്പർമാർമാരുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

## 3-8 സമഗ്ര സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പദ്ധതി - രേഖകൾ ഹാജരാക്കിയിട്ടില്ല. 113925 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ പേര് - 214/2018 സമഗ്ര സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പദ്ധതി

അടങ്കൽ -277275 ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് - ബിൽ നമ്പർ 5/24-07-2017 -42675

ബിൽ നമ്പർ 11/29-08-2017 - 23575

ബിൽ നമ്പർ 22/09-11-2017 – 47675

ബിൽ നമ്പർ 36/06-03-2018 – 163350

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

മേൽ പ്രോജക്ടിൽ 163350 രൂപയുടെ ബിൽ മാത്രമാണ് ഹാജരാക്കിയത്. ബിൽ നമ്പർ 5/24-07-2017 -42675,ബിൽ നമ്പർ 11/29-08-2017 – 23575, ബിൽ നമ്പർ 22/09-11-2017 – 47675എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ശ്രീലേഷ്.സി. എലൈറ്റ് ഇലക്ട്രിക്കൽ ചക്കരക്കൽ എന്ന സ്ഥാപനവുമായി ഉണ്ടാക്കിയ കരാർ നിലവിൽ വരുന്നത് 16-01-2018 തീയതിയിലാണ്. എഗ്രിമെന്റിന് മുൻപ് നടന്ന ചെലവുകൾ ഏത് രീതിയിലാണ് നടത്തിയതെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (11/13-02-2019) ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതല ആയതിനാലും ജനങ്ങളുടെ പരാതി ഉണ്ടായതിനാലുമാണ് എഗ്രിമെന്റിന് മുൻപേ പ്രവൃത്തി നടപ്പാക്കിയതെന്ന് അറിയിക്കുകയുണ്ടായി. രേഖകളുടെ അഭാവത്തിൽ 113925 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ അനുബന്ധ സാമഗ്രികൾ വാങ്ങൽ രേഖകൾ ഹാജരാക്കിയിട്ടില്ല. 39249 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ പേര് - 215/2018 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ അനുബന്ധ സാമഗ്രികൾ വാങ്ങൽ

അടങ്കൽ -326476 ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് - ബിൽ നമ്പർ 12/29-08-2017 -19555

ബിൽ നമ്പർ 16/17-10-2017 – 19694

ബിൽ നമ്പർ 32/08-02-2018 –147264

ബിൽ നമ്പർ 33/08-02-2018 – 19991

ബിൽ നമ്പർ 34/08-02-2018 – 19227

ബിൽ നമ്പർ 47/28-03-2018 - 99600

ആകെ - 325331

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

മേൽ പ്രോജക്റ്റിൽ 286082 രൂപയുടെ ബിൽ മാത്രമാണ് ഹാജരാക്കിയത്. ബിൽ നമ്പർ 12/29-08-2017 -19555, ബിൽ നമ്പർ 16/17-10-2017 – 19694 എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ശ്രീലേഷ്.സി. എലൈറ്റ് ഇലക്ട്രിക്കൽ ചക്കരക്കൽ എന്ന സ്ഥാപനവുമായി ഉണ്ടാക്കിയ കരാർ നിലവിൽ വരുന്നത് 17-01-2018 തീയതിയിലാണ്. എഗ്രിമെന്റിന് മുമ്പേ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ അനുബന്ധ സാമഗ്രികൾ വാങ്ങൽ ഏത് രീതിയിലാണെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( 11/13-02-2019 ) ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതല ആയതിനാലും ജനങ്ങളുടെ പരാതി ഉണ്ടായതിനാലും എഗ്രിമെന്റിന് മുൻപേ ഉപകരണങ്ങൾ വാങ്ങിയതെന്ന് അറിയിക്കുകയുണ്ടായി. 325331രൂപയുടെ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും ആയത് തെരുവ് വിളക്ക് റിപ്പയറിന് ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് പരിശോധന നടത്തുന്നില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 39249 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കേണ്ടതും, ഉപകരണങ്ങൾ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

## 3-10 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ:-സെക്രട്ടറി
പ്രോജക്റ്റ് നമ്പർ 212/2018

ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ എന്ന പദ്ധതി പ്രകാരം 91090/- രൂപ (വൗച്ചർ നമ്പർ 21701205/16-02-2018) കെ.എസ്.ഇ.ബി.അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ അഴീക്കോടിന് നല്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ആയവ ഹാജരാക്കേണ്ടതാണ്.

## 3-11 ലൈഫ് മിഷൻ– പൂർത്തിയാകാത്ത വീട് പൂർത്തിയാക്കൽ - ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് മിഷൻ പൂർത്തിയാകാത്ത ഭവനങ്ങൾ പൂർത്തിയാക്കൽ എന്ന പ്രോജക്റ്റിൽ കെ.ശോഭന,

നിടുന്തോട്ടിൽ ഹൗസ് അഴീക്കോട് സൗത്ത് എന്നവരെ ഗുണഭോക്താവായി തെരഞ്ഞെടുത്തിരുന്നു. എന്നാൽ ഗുണഭോക്താവ് ഭവന നിർമ്മാണത്തിന് തയ്യാറാകാത്തതിനാൽ ഭവന നിർമ്മാണം പൂർത്തിയാക്കാൻ ആനുകൂല്യം നല്കാതെ ഒഴിവാക്കുകയുണ്ടായി. ഗുണഭോക്താവിന് ഇ.എം.എസ്. ഭവനനിർമ്മാണം പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ 52500 രൂപ അനുവദിച്ചിട്ടുണ്ട്. ( ചെക്ക് നമ്പർ 16811/30-12-2010 22,500, ചെക്ക് നമ്പർ 107919/12-07-2011 30000). ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ അനുവദിച്ച തുക തിരികെ ഇടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-12** പശുവളർത്തൽ പദ്ധതി:- സർക്കാർ നിർദ്ദേശം പാലിച്ചില്ല:**1,30,000** രൂപ തടസ്സപ്പെടുത്തുന്നു.

(1)പ്രോജക്ട് നമ്പർ 26/2018 പശുവളർത്തൽ വനിത

അടങ്കൽ - 2,50,000/-

1,25,000/-(വികസനഫണ്ട് ജനറൽ)

1,25,000/-(ഗുണഭോക്തൃവിഹിതം)

ചെലവ് - ബിൽ നമ്പർ 15/22-03-2018 1,00,000

(2)(1)പ്രോജക്ട് നമ്പർ 26/2018 പശുവളർത്തൽ വനിത (പട്ടികജാതി)

അടങ്കൽ - 80,000/-

60,000/-(വികസനഫണ്ട് ജനറൽ)

20,000/-(ഗുണഭോക്തൃവിഹിതം)

ചെലവ് - ബിൽ നമ്പർ 16/27-03-2018 ₹30,000

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്റിനറി സർജൻ

സ.ഉ.(എം.എസ്.) 80/2017/ത.സ്വ.ഭ.വ തീയതി 03-04-2017 ഖണ്ഡിക 8.2. കുറിപ്പ് 5 പ്രകാരം ഉരുക്കളെ ആരുടെ പക്കൽ നിന്നാണ് വാങ്ങിക്കുന്നത് അവരുടെ അക്കൗണ്ടിൽ തുക നല്കണമെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തത്. സർക്കാർ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം നല്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/12-02-2019) ന് ബാങ്ക് ലോൺ ഉപയോഗപ്പെടുത്തിയതിനാലാണ് ആനുകൂല്യം ഗുണഭോക്താവിന് നല്കിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. പദ്ധതി നടപ്പിലാക്കിയതിൽ സർക്കാർ നിർദ്ദേശം പാലിക്കാത്തതിനാൽ 1,30,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## **3-13** പട്ടികജാതി ഭവന നിർമ്മാണം - പദ്ധതി പൂർത്തിയായില്ല.

പ്രോജക്ട് 24/2018 ഭവന നിർമ്മാണം (എസ്.സി.പി)

അടങ്കൽ - ₹1325000

₹830000 വികസനഫണ്ട്,(എസ്.സി.പി) ₹4,95,000 തനത് ഫണ്ട്

ചെലവ് - ബിൽ നമ്പർ 05/28-10-2017 ₹ 75000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രോജക്റ്റിൽ ഉൾപ്പെടുത്തി ജമുന.കെ. കൊയിലേരിയൻ ഹൗസ് കല്ലടത്തോട് എന്നവർക്ക് മൂന്നാം ഗഡു ആയി 75000 രൂപ തൻവർഷം അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താവിന് നാളിതുവരെ 250000 രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഭവന നിർമ്മാണം പൂർത്തിയാക്കി പദ്ധതി ലക്ഷ്യത്തിൽ എത്തിക്കുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 3-14 ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന് സർക്കാർ നിർദ്ദേശം പാലിച്ചില്ല:-₹1,35,000 തടസ്സപ്പെടുത്തുന്നു.

(1) പ്രോജക്റ്റ് നമ്പർ 250/2018 കാപ്പിലെ പച്ചക്കറികൃഷി ( കൂലിചെലവ്)

അടങ്കൽ - 85,000/- (വികസനഫണ്ട് ജനറൽ)

ചെലവ് - 85,000/- ബിൽ നമ്പർ 16/26-03-2018

(2)പ്രോജക്റ്റ് നമ്പർ 253/2018 ഇടവിള കിറ്റ്

അടങ്കൽ - 1,02,200/- (വികസനഫണ്ട് ജനറൽ)

ചെലവ് - 50,000
ബിൽ നമ്പർ 11/26-03-2018

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷിഓഫീസർ

പ്രോജക്റ്റ് 250/2018 പ്രകാരം പച്ചക്കറികൃഷി നടത്തുന്നതിന് കൂലിചെലവ് ഇനത്തിൽ 25 പേർക്ക് 3400 രൂപ വീതം 85000 രൂപ അനുവദിച്ചിട്ടുണ്ട്.

പ്രോജക്റ്റ് 253/2018 പ്രകാരം 250 പേർക്ക് 200 രൂപയുടെ ഇടവിളകിറ്റ് നല്കുന്നതിന് 50000 രൂപ ചെലവഴിച്ചിട്ടുണ്ട്.

സ.ഉ.(എം.എസ്.) 80/2017/ത.സ്വ.ഭ.വ തീയതി 03-04-2017 ഖണ്ഡിക 20 പ്രകാരം ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന് താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടില്ല.

1) വ്യാപകമായ പ്രചരണം നല്കി ആവശ്യമുള്ള മുഴുവൻ പേർക്കും അപേക്ഷനല്കാൻ അവസാനതീയതിയും സമയവും നിശ്ചയിച്ച് അവസരം നല്കണം.
2) അനർഹരെ ഒഴിവാക്കി കരട് മുൻഗണന ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകരിച്ച് മിനുറ്റ്സിൽ രേഖപ്പെടുത്തേണ്ടതാണ്.
3) മുൻഗണന ക്രമം മാറ്റാതെ ഭരണസമിതി അംഗീകാരം വാങ്ങേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. എന്നാൽ കാർഷിക മേഖലയിൽ നടപ്പാക്കിയ പ്രോജക്റ്റുകളുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന് തയ്യാറാക്കിയ നോട്ടീസിൽ കാപ്പിലെ പച്ചക്കറികൃഷി, ഇടവിളകിറ്റ് എന്നിവ ഉൾപ്പെട്ടിട്ടില്ല. മേൽ പ്രോജക്റ്റുകൾക്ക് വേണ്ടി പ്രത്യേക നോട്ടീസ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. അംഗീകരിച്ച ഗ്രമസഭ മിനുറ്റ്സ്, പഞ്ചായത്ത് തീരുമാനം എന്നിവ ഹാജരാക്കിയിട്ടില്ല. അംഗീകരിച്ച മുൻഗണന ലിസ്റ്റ് തദ്ദേശ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും

വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടില്ല. ഹാജരാക്കിയ ഗുണഭോക്തൃ പട്ടികയിലോ, പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃലിസ്റ്റിലോ മേൽ പ്രോജക്ടുകൾ ഉൾപ്പെട്ടിട്ടില്ല. ഗ്രാമസഭ, പഞ്ചായത്ത് ഭരണസമിതി എന്നിവ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടില്ല. ഗ്രമസഭയുടെ, പഞ്ചായത്തിന്റെ അംഗീകാരമില്ലാതെ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന് വിശദീകരണം നല്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/12-02-2019 ) മറുപടി നല്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിലെ മേൽ അപാകങ്ങൾ കാരണം 1,35,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-15 കാർഷിക യന്ത്രവല്കരണം സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

(1)പ്രോജക്ട് നമ്പർ 127/2018 കാർഷിക യന്ത്രവല്കരണം

അടങ്കൽ - 3,80,000/- 3,42,000 (വികസനഫണ്ട് ജനറൽ)

38000 (ഗുണഭോക്തൃവിഹിതം)

ചെലവ് - ₹3,39,750 ബിൽ നമ്പർ 19/31-03-2018

₹37,750 ചെക്ക് നമ്പർ 553041/31-03-2018

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രോജക്ട് പ്രകാരം അഴീക്കോട് നോർത്ത് പാടശേഖര സമിതി, ചാലിൽ ഗ്രൂപ്പിന് മിനി ട്രാക്ടർ റെയ്ഡ്കോ തളിപ്പറമ്പ് ബ്രാഞ്ചിൽ നിന്ന് വാങ്ങി നല്കിയിട്ടുണ്ട്. റെയ്ഡ്കോ ഹാജരാക്കിയ ഇൻവോയിസ് പ്രകാരം ട്രാക്ടറിന്റെ വില 422800 രൂപയാണ്. എന്നാൽ മേൽ സൂചിപ്പിച്ചത് പ്രകാരം 377500 രൂപ മാത്രമാണ് റെയ്ഡ്കോ തളിപ്പറമ്പിന് അനുവദിച്ചത്. ബാക്കിയുള്ള 45,300 രൂപ ആരാണ് നല്കിയതെന്ന് വ്യക്തമാക്കിയിട്ടില്ല.

സ.ഉ.(എം.എസ്.) 80/2017/ത.സ്വ.ഭ.വ തീയതി 03-04-2017 ഖണ്ഡിക8.1.7 പ്രകാരം പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

1- രജിസ്റ്റർ ചെയ്ത പാടശേഖര സമിതികൾക്ക് കാർഷിക യന്ത്രം നല്കാവുന്നതാണ്. അഴീക്കോട് നോർത്ത് പാടശേഖര സമിതി, ചാലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമല്ല.

2-കാർഷിക യന്ത്രങ്ങൾ ശരിയായ നിലയിൽ സംരക്ഷിക്കുമെന്നും, കാർഷിക ആവശ്യത്തിന് മാത്രമേ ഉപയോഗിക്കുവെന്നും, മറ്റു കർഷകർക്ക് സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞത് 20% കുറഞ്ഞ വാടക നിരക്കിൽ ലഭ്യമാക്കാമെന്ന കരാർ വ്യവസ്ഥ വേണം എന്നീ നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല

3- കാർഷിക യന്ത്രങ്ങൾ വാങ്ങുമ്പോൾ ഉടമസ്ഥാവകാശം കൃഷി ഓഫീസർക്കാണ്. കൈവശ അവകാശം മാത്രമാണ് പാടശേഖര സമിതിക്ക് ലഭിക്കുക. എന്നാൽ ഇൻവോയിസ് കൃഷി ഓഫീസറുടെ പേരിൽ നല്കുന്നതിന് പകരം പാടശേഖര സമിതി സെക്രട്ടറിയുടെ പേരിലാണ് റെയ്ഡ്കോ നല്കിയത്. യന്ത്രം കൈപ്പറ്റിയതും പാടശേഖര സമിതി സെക്രട്ടറിയാണ്. യന്ത്രം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

4- ട്രാക്ടറിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്,സ്റ്റോക്ക് രജിസ്റ്റർ, ലോഗ് ബുക്ക്, മെയിന്റനൻസ് രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം.5/12-02-2019 ന് മറുപടി നല്കിയിട്ടില്ല. അപാകങ്ങൾ പരിഹരിക്കേണ്ടതും ഉടമസ്ഥാവകാശം കൃഷി ഓഫീസർക്കും ലഭിക്കുന്നവിധത്തിൽ കരാറുണ്ടാക്കേണ്ടതും, മറ്റു കർഷകർക്ക് കൂടി യന്ത്രം കുറഞ്ഞ നിരക്കിൽ ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.മേൽ അപാകങ്ങൾ കാരണം ₹ 3,77,500/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 കുടിവെള്ള പദ്ധതി- വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല-₹39,53,832 തടസ്സപ്പെടുത്തുന്നു.

(1)പ്രോജക്ട് നമ്പർ പേര് - 20/2018 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ -3453832

701381 വികസനഫണ്ട് (ജനറൽ)

2752451 ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് - ₹ 12,70,000 ബിൽ നമ്പർ 26/15-01-2018

₹ 7,01,381 ബിൽ നമ്പർ 43/26-03-2018

₹ 14,82,451 ബിൽ നമ്പർ 44/26-03-2018

(2)പ്രോജക്ട് നമ്പർ പേര് - 216/2018 കുടിവെള്ള പൈപ്പ് നീട്ടൽ

അടങ്കൽ -5,00,000 വികസനഫണ്ട് (ജനറൽ)

ബിൽ നമ്പർ 04/30-06-2017

മേൽ പ്രോജക്ടുകൾ പ്രകാരം 3953832 രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇതിൽ 14,82,451 രൂപയുടെ ബിൽ (നമ്പർ 43/26-03-2018) മാത്രമാണ് ഹാജരാക്കിയത്. കേരള വാട്ടർ അതോറിറ്റി ഡബ്ല്യു.എസ്.ഡിവിഷൻ കണ്ണൂരിന്റെ 20-03-2018 ഡി- 942/2018 നമ്പർ കത്ത് പ്രകാരം മേൽ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തുക 22,33,832 രൂപയാണ്. പ്രസ്തുത എസ്റ്റിമേറ്റ് മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. മറ്റ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ ഹാജരാക്കിയിട്ടില്ല. എതെല്ലാം പ്രവൃത്തികൾക്കാണ് വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചതെന്ന് വ്യക്തമല്ല. ജല അതോറിറ്റിയുമായി പ്രവൃത്തി സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (9/13-02-2019) ന് പ്രവൃത്തി ടെണ്ടർ നടത്തി പൂർത്തീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ചെലവ് തുക ₹ 39,53,832 തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-17 മഴക്കാല പൂർവ്വശുചീകരണം: കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല

മഴക്കാല പൂർവ്വശുചീകരണത്തിന്റെ ഭാഗമായി 3,60,000 രൂപ [15,000 രൂപ വീതം 23 വാർഡുകളിലായി 345000 രൂപ (വൗച്ചർ നമ്പർ 21701193/27-01-2018) (ശുചിത്വ മിഷൻ വിഹിതം 10000, തനത് ഫണ്ട് 5000)] മെഡിക്കൽ ഓഫീസർ സി.എച്ച്,സി അഴീക്കോടിന് നല്കിയിട്ടുണ്ട്. കൈപ്പറ്റ് രശീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. കൈപ്പറ്റ് രശീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## 3-18 കന്നുകുട്ടിപരിപാലനം - പദ്ധതി:-അപാകങ്ങൾ

പ്രോജക്ട് 24/2018 കന്നുകുട്ടിപരിപാലനം

അടങ്കൽ - 625000

156250 -വികസനഫണ്ട്,
156250 -സംസ്ഥാനാവിഷ്കൃതഫണ്ട്,
312500 -ഗുണഭോക്തൃവിഹിതം

ചെലവ് – 156250/- ബിൽ നമ്പർ 2/15-01-2018

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

പ്രോജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് 6250 രൂപ വീതം 25 പേർക്ക് കാലിതീറ്റ വിതരണത്തിന് സബ്സിഡിയായി 156250 രൂപ എസ്.എൽ.ബി.പി ഡയറക്ടർ കണ്ണൂരിന്, പഞ്ചായത്ത് വിഹിതമായി നല്കിയിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കിയത് അഴീക്കോട് ക്ഷീരോല്പാദക സഹകരണ സംഘം മുഖേനയാണ്. ഗുണഭോക്താവിന് ആനുകൂല്യം നല്കുന്നത് രേഖപ്പെടുത്തുന്ന ഇൻഡിവിജ്വൽ രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ.വിനോദ് എം. എന്ന ഗുണഭോക്താവ് ഒരു തവണ മാത്രം ആനുകൂല്യം കൈപ്പറ്റി പദ്ധതിയിൽനിന്നു വിട്ടുപോയിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതിയിൽ നിന്ന് പിൻമാറുന്നവരുടെ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ, തുടർന്നുള്ള വർഷങ്ങളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-19 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ വിതരണം - നടപടി ക്രമങ്ങളിലെ അപാകങ്ങൾ

പ്രോജക്ട് 15/2018 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ വിതരണം

അടങ്കൽ - 345000 വികസനഫണ്ട്,

ചെലവ് - 289041/- ബിൽ നമ്പർ 02/28-03-2018

നിർവ്വഹണ ഉദ്യോഗസ്ഥൻ - സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

സ.ഉ.(എം.എസ്.) 80/2017/ത.സ്വ.ഭ.വ തീയതി 03-04-2017 ഖണ്ഡിക 8.4.7 പ്രകാരം മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ വിതരണം സ്കൂൾ അധികൃതർമുഖേന വിതരണം ചെയ്യണമെന്നും, മത്സ്യതൊഴിലാളി ക്ഷേമനിധിബോർഡിൽ അംഗത്വമുള്ള മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ആയിരിക്കണം ആനുകൂല്യം നല്കേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ട്. സ്കൂൾ അധികൃതരിൽ നിന്ന് ലിസ്റ്റ് വാങ്ങിയിട്ടുണ്ടെങ്കിലും അധികൃതർ മുഖേനയല്ല ഫർണിച്ചർ വിതരണം ചെയ്തത്. മത്സ്യതൊഴിലാളി ക്ഷേമനിധിബോർഡിൽ അംഗത്വം

പുതക്കാത്തവർക്കും ആനുകൂല്യം നല്കിയിട്ടുണ്ട്. ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | അംഗത്വ നമ്പർ | അവസാനമായി അംഗത്വം പുതുക്കിയ വർഷം |
|---|---|---|---|
| 1 | മനോജ്.പി.പി. പുതിയപുരയിൽ ഹൗസ് | 1267 | 2013 |
| 2 | അരുൺബാബു.പി.എം, ബാലകമലം, വട്ടക്കണ്ടി അഴീക്കോട് | 2012 | 2012 |

പലരും അംഗത്വം പുതുക്കിയെന്ന് വ്യക്തമാക്കുന്ന രേഖകളും (പുതുക്കിയത് രേഖപ്പെടുത്തുന്ന പാസ് ബുക്കിന്റെ ശരിപകർപ്പ്) ഹാജരാക്കിയിട്ടില്ല. ഉദാഹരണം സി.എച്ച്. ഷെഫീഖ്, ചാമ്പന്റവിട ഹൗസ്, അഴീക്കൽ (അംഗത്വ നമ്പർ 1007) , രാജേഷ് കെ. കാലിക്കോട് ഹൗസ്, അഴീക്കൽ (അംഗത്വ നമ്പർ 1441). ആനുകൂല്യങ്ങൾ സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യേണ്ടതും, നിലവിൽ ക്ഷേമനിധിബോർഡിൽ അംഗത്വമുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതുമാണ്.

## 3-20 മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിലെ അപാകങ്ങൾ

മരാമത്ത് പ്രവൃത്തികൾക്കുള്ള 112 പ്രോജക്കുകളിലായി ആകെ 55085052 രൂപ അടങ്കൽ വകയിരുത്തുകയും അതിൽ 75 പ്രോജക്കുകൾക്ക് 27526559 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. രൂപീകരിച്ച പ്രോജക്കുകളുടെ 66.96% പ്രോജക്കുകൾ നിർവ്വഹിക്കപ്പെടുകയും വകയിരുത്തിയ തുകയുടെ 49.97 % ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അംഗീകരിച്ച മുഴുവൻ പ്രോജക്കുകളും സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാത്തത് പശ്ചാത്തല സൗകര്യ വികസനത്തിന് വിഘാതമായി നിലനിൽക്കുന്നു. തൻ വർഷം അംഗീകാരം ലഭിച്ച 56 പുതിയ പ്രോജക്കുകളിൽ 22എണ്ണവും, 56 സ്പിൽ ഓവർ പ്രോജക്കുകളിൽ 53 എണ്ണവും നിർവ്വഹിക്കപ്പെട്ടിട്ടുണ്ട്. മരാമത്ത് രേഖകളുടെ സൂക്ഷിപ്പിൽ അപാകങ്ങൾ നിലനിൽക്കുന്നുണ്ട്. ആയത് ചുവടെ കൊടുക്കുന്നു.

എ) മരാമത്ത് പ്രൊജക്ട് ഫയൽ -അപാകങ്ങൾ

1. പ്രവൃത്തിയുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തുന്നില്ല.

2. റോഡ് പ്രവൃത്തികളുടെ കാര്യത്തിൽ ചെയിനേജ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തുന്നില്ല.

3. ടെണ്ടറുകൾ അംഗീകരിച്ച ഭരണസമിതി തീരുമാനം ഫയലിൽ ഇല്ല.

4. ടെണ്ടർ നോട്ടീസ് പകർപ്പ് ഇല്ല.

5.സെലക്ഷൻ നോട്ടീസ്സിൽ പലതിലും തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. കൈപ്പറ്റിയ കരാറുകാരൻ തീയ്യതി രേഖപ്പെടുത്താതെയാണ് ഒപ്പ് വെച്ചിരിക്കുന്നത്.

6.ഇ എം ഡി തിരിച്ച് നൽകിയതിന് രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല.

7. പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം സൈറ്റ് രേഖാമൂലം തിരിച്ചേൽപ്പിച്ചിട്ടില്ല.

ബി) രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം.

1.ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിൽ അവശ്യമായും രേഖപ്പെടുത്തേണ്ട വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

2.എഗ്രിമെന്റ് രജിസ്റ്ററിൽ എസ്റ്റിമേറ്റ് തുക,പിഎസി തുക, സെക്യൂരിറ്റി ഡപ്പോസിറ്റ് തുക, കരാർ ചമച്ച തീയ്യതി തുടങ്ങിയവയും ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ സ്വീകരിച്ച തീയ്യതി, ഇഎംഡി തുക, ഇഎംഡി തിരിച്ച് നൽകിയതിന്റെ വിവരം, ടെണ്ടർ അംഗീകരിച്ച റസലൂഷൻ നമ്പറും തീയ്യതിയും രേഖപ്പെടുത്തിയിട്ടില്ല.

3.വർക്ക്ബിൽ രജിസ്റ്റർ,പ്രോജക്ട് രജിസ്റ്റർ എന്നിവ എഴുതുന്നില്ല. മോണിറ്ററിംഗ് കമ്മിറ്റി മിനട്സ് ഫയലിൽ ഇല്ല. പ്രോജക്ടുകളുടെ ആസൂത്രണം,നിർവ്വഹണം എന്നിവയുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി രേഖപ്പെടുത്തി കാലികമാക്കേണ്ടതാണ്.

## 3-21 വിവിധ പ്രവൃത്തികൾക്ക് കേരള വാട്ടർ അതോറിറ്റിക്ക് മുൻകൂർ നൽകി:- പൂർത്തീകരണ വിവരം ലഭ്യമല്ല, തുക 2,30,000/- തടസ്സപ്പെടുത്തുന്നു

1.

| | |
|---|---|
| പ്രോജക്ട് നമ്പർ | 29/2018 |
| പ്രോജക്ടിന്റെ പേര് | അംഗൻവാടികൾക്ക് കുടിവെള്ളം |
| അടങ്കൽ | 2,00,000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 2,00,000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നമ്പർ, തീയ്യതി | 11/17-18, 28-03-2018 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

മേൽ പ്രോജക്ട് പ്രകാരം 2017-18 വർഷം ഭഗത് സിംഗ് കോളനി, അയനിവയൽ (സെന്റർ 34,35), അഴീക്കോടൻ മന്ദിരം, പുന്നക്കപ്പാറ, അഴീക്കൽ, മൈലാടത്തടം, പൊന്മടത്തിൽ കൃഷ്ണസ്വാമി വായനശാല, അഴീക്കൽ കടപ്പുറം എന്നീ അംഗൻവാടികളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി വർക്കിംഗ് ചാർജിനത്തിൽ 1,76,650/- രൂപയും സെന്റേജ് ചാർജ്ജിനത്തിൽ 22081/- രൂപയും മുൻകൂട്ടി കാണാൻ കഴിയാത്ത ഇനങ്ങൾക്കായി 1269/- രൂപയും (ആകെ 2,00,000 രൂപ) കേരള വാട്ടർ അതോറിറ്റിയുടെ എസ്.ബി.ഐ അക്കൗണ്ട് നമ്പർ 67153474559 ലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായി പദ്ധതി പൂർത്തീകരിച്ചിട്ടില്ല എന്നും തുക മുൻകൂർ നൽകുന്നതിനു മുൻപ് കേരള വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല എന്നുമാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 7 /17-18, തീയ്യതി : 12-02-2019) മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ജി.ഒ.(പി)13/2012/PWDതീ.01.02.2012പ്രകാരം പൊതുമരാമത്ത് മാനുവൽ നിലവിൽ വന്നിട്ടുണ്ട്. ഡെപ്പോസിറ്റ് വർക്കുകൾക്ക് PWDയിൽ 2.5%സെന്റേജ് ചാർജ് നൽകേണ്ടതില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് മാനുവൽ വാട്ടർ അതോറിറ്റിക്കും ബാധകമായിട്ടുള്ളതിനാൽ ഏത് സർക്കാർ ഉത്തരവ് പ്രകാരമാണ് കേരള വാട്ടർ അതോറിറ്റിക്ക് 12.5% സെന്റേജ് ചാർജ്

നൽകിയതെന്ന് വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.7/17-18, തീ:12.02.19) നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരണം ലഭ്യമാക്കിയിട്ടില്ല എന്നാണ് ഇപ്പോളത്തെ സൂപ്പർവൈസർ മറുപടി നൽകിയിട്ടുള്ളത്. സെന്റേജ് ചാർജിനത്തിൽ അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

2.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 200/2018 |
| പ്രൊജക്ടിന്റെ പേര് | ചെമ്മരശ്ശേരി അംഗൻവാടിക്ക് കുടിവെള്ളം |
| അടങ്കൽ | 15,000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 15,000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നമ്പർ, തീയ്യതി | 12/17-18, 28-03-2018 |

3.

| | |
|---|---|
| പ്രോജക്ട് നമ്പർ | 201/2018 |
| പ്രോജക്ടിന്റെ പേര് | നീർക്കടവ് കടപ്പുറം അംഗൻവാടിക്ക് കുടിവെള്ളം |
| അടങ്കൽ | 15,000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 15,000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നമ്പർ, തീയ്യതി | 13/17-18, 28-03-2018 |

ക്രമ നമ്പർ 2,3 പ്രോജക്ടുകൾ പ്രകാരം 15000 രൂപ വീതം കേരള വാട്ടർ അതോറിറ്റിയുടെ എസ്.ബി.ഐ. അക്കൗണ്ട് നമ്പർ 67153474559 ലേക്ക് 28-03-2018 ന് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് . തുക പിൻവലിച്ച ബിൽ മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ. കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് , കരാർ ഉടമ്പടി, പ്രവൃത്തി പൂർത്തിയായിട്ടുണ്ടെങ്കിൽ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മുൻകൂർ നൽകിയ 2,30,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-22** <u>ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ</u>

<u>പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല.</u>

അഴീക്കോട് ഗ്രാമ പഞ്ചായത്തിലെ 45 അംഗൻവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം ദയ സ്വയംസഹായ സംഘം, അഴീക്കോട് എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങുന്നത്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്. ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 3-23 <u>ന്യൂട്രിമിക്സ് വാങ്ങുമ്പോൾ ജി.എസ്.ടി. ഒടുക്കുന്നില്ല</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | 26/2018 |
| പ്രോജക്ടിന്റെ പേര് | അംഗൻവാടികൾക്ക് പോഷകാഹാര പദ്ധതി |
| അടങ്കൽ | 30,00,000 (വികസനഫണ്ട്)<br>7,00,000 (കേന്ദ്രാവിഷ്കൃതം)<br>3,00,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | 30,00,000 (വികസനഫണ്ട്)<br>3,00,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| സ്റ്റാന്റിംഗ് കമ്മിറ്റി | ക്ഷേമകാര്യം |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, |

ദയ സ്വയം സഹായ സംഘം, അഴീക്കോട് എന്ന സ്ഥാപനത്തിൽ നിന്നുമാണ് അംഗനവാടികളിലൂടെ വിതരണം ചെയ്യുന്നതിനുള്ള പോഷകാഹാരം(അമൃതം ന്യൂട്രിമിക്സ്) വാങ്ങിയിട്ടുള്ളത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ബില്ല് നം. / ചെക്ക് നം. & തീയ്യതി ,തുക | ഇൻവോയ്സ് നം. / തീയ്യതി | തുക |
|---|---|---|
| 3/17-18, 31-10-17<br>1,95,439/- | 479, 08-08-17<br>481, 02-04-17 | 1,47,892<br>47,547 |
| 1/17-18, 24-08-17<br>3,29,980/- | 99, 05/17<br>100, 06/17<br>98, 04/17 | 1,48,365<br>1,48,365<br>33,250 |

| | | |
|---|---|---|
| 8/17-18, 2-03-18<br>4,43,676/- | 482, 22-09-17<br>483, 31-10-17<br>484, 11-1-18 | 1,47,892<br>1,47,892<br>1,47,892 |
| ആകെ | | 9,69,095 |

എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ ബില്ലുകളിൽ ജി.എസ്.ടി. ഒടുക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. ന്യൂട്രിമിക്സിന്റെ ജി എസ് ടി 31-10-2017 വരെ 18% -വും അതിനുശേഷം 01.11.2017 ലെ GO(MS)No. 1450/2018 LSGD, തീയ്യതി 25.05.2018 ഉത്തരവ് പ്രകാരം 5% ആക്കി പുനർനിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 8/17-18,തീയ്യതി:12-02-2019) ജി.എസ്.ടി. ഈടാക്കണമെന്ന് അറിവുണ്ടായിരുന്നില്ലെന്നും ഇനി മുതൽ ഒടുക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ജി.എസ്.ടി. ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-24 ബസ്റ്റാന്റ് ഫീ തിരിച്ച് നല്കിയത് സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. 23000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പഞ്ചായത്തിലെ ബസ്റ്റാന്റ് ഫീ ഈടാക്കുന്നതിന് ശ്രീ.ഹാഷിർ മംഗല ലേലം കൊണ്ടിരുന്നു. എന്നാൽ കുടിവെള്ള, ശൗചാലയം സൗകര്യം എന്നിവ ഒരുക്കാത്തതിനാൽ ബസ്റ്റാന്റ് ഫീ നല്കാൻ ബസുടമകൾ തയ്യാറായിട്ടില്ലെന്ന കാരണം ശ്രീ.ഹാഷിർ മംഗല ലേലത്തിൽ നിന്ന് ഒഴിവാകുകയും ലേല തുകയുടെ ആദ്യ ഗഡുവായ 23,000/- രൂപ (വൗച്ചർ നമ്പർ 21701194/31-01-2018) ലേലക്കാരന് തിരിച്ചുനല്കുകയും ചെയ്തിട്ടുണ്ട്. 1998 ലെ കേരള പഞ്ചായത്ത് രാജ് (കരാറുകാർക്കും പാട്ടക്കാർക്കും കിഴിവ് അനുവദിക്കൽ) ചട്ടങ്ങൾ ചട്ടം 5 (4) പ്രകാരം 10000 രൂപക്ക് മേൽ കിഴിവ് അനുവദിക്കുന്നതിന് സർക്കാറിൽ നിന്ന് മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. എന്നാൽ അനുമതിയില്ലാതെ കിഴിവ് അനുവദിച്ചു. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയാണ് ബസ്റ്റാന്റ് ഫീ പിരിവ് ലേലം ചെയ്തത്. തുകയുടെ കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടില്ല. (റിപ്പോർട്ട് ഖ.2-7 കാണുക) അപാകങ്ങൾ കാരണം 23000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സർക്കാർ അനുമതിയില്ലാതെ തുക തിരികെ നല്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | | | |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2017-18 | 476000 | വനിതാ ഗ്രൂപ്പ് പച്ചക്കറി കൃഷി | 0 | 476000 |
| ജില്ലാപഞ്ചായത്ത് | 2017-18 | 350000 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 350000 | 0 |
| ജില്ലാപഞ്ചായത്ത് | 2017-18 | 100000 | പാലിന് സബ്സിഡി | 0 | 100000 |
| ജില്ലാപഞ്ചായത്ത് | 2017-18 | 200000 | സ്വാന്തന ചികിത്സാ പദ്ധതി | 149902 | 50098 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 576300 | ജൈവ നെൽകൃഷി വികസന പദ്ധതി | 510000 | 66300 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 150000 | പാലിന് സബ്സിഡി | 146156 | 3844 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | അഗനവാടി പോഷകാഹാരം | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | കുടിവെള്ളത്തിന് പൈപ്പ് ലൈൻ നീട്ടൽ | 0 | 300000 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 375000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 375000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | സാന്ത്വന ചികിത്സ പദ്ധതി | 124108 | 75892 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | കുടിവെള്ളത്തിന് പൈപ്പ് ലൈൻ നീട്ടൽ | 4/3-6-17 | 500000 | - | 500000 |
| വാട്ടർ അതോറിറ്റി | കുടിവെള്ളത്തിന് പൈപ്പ് ലൈൻ നീട്ടൽ | 26/15-01-18 | 1270000 | - | 1270000 |
| വാട്ടർ അതോറിറ്റി | കുടിവെള്ളത്തിന് പൈപ്പ് ലൈൻ നീട്ടൽ | 43/26-03-18 | 701381 | - | 701381 |
| വാട്ടർ അതോറിറ്റി | കുടിവെള്ളത്തിന് പൈപ്പ് ലൈൻ നീട്ടൽ | 44/26-03-18 | 1482451 | - | 1482451 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 21701266/16-2-18 | 91090 | - | 91090 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5524066 |
| തൻവർഷം നിക്ഷേപിച്ച തുക | 438601 |
| ആകെ | 5962667 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5962667 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി/ | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കണ്ണൂർ ജില്ലാ സഹകരണ ഹോസ്പിറ്റൽ സൊസൈറ്റി | 24-05-1980 | -- | 5000 | നിക്ഷേപ സർട്ടിഫിക്കറ്റ് നമ്പർ 45 |
| 2 | മലബാർ ടൂറിസം പറശ്ശിനിക്കടവ് | 18-11-2004 | | 20000 | നമ്പർ 203 |

| | | | | | |
|---|---|---|---|---|---|
| 3 | കണ്ണൂർ ജില്ലാ സഹകരണബാങ്ക് | 9-10-17 | 9-10-18 | 1003448 | നമ്പർ 36095 |
| 4 | അഴീക്കോട് സർവീസ് സഹകരണ ബാങ്ക് | 28-11-17 | 28-11-18 | 2099856 | നമ്പർ002001047 |
| 5 | കണ്ണൂർ ജില്ലാ സഹകരണബാങ്ക് | 25-11-19 | 25-11-18 | 524372 | നമ്പർ 036096 |
| 6 | കണ്ണൂർ ജില്ലാ സഹകരണബാങ്ക് | 30-06-17 | 30-6-18 | 352243 | നമ്പർ238924 |
| 7 | കണ്ണൂർ ജില്ലാ സഹകരണബാങ്ക് | 28-03-18 | 28-03-19 | 465802 | നമ്പർ 267246 |
| 8 | കേരള ഗ്രാമീൺ ബാങ്ക് | 29-09-17 | 29-09-18 | 1491946 | നമ്പർ 349108 |
| | ആകെ | | | 5962667 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭിച്ച 13,944 രൂപയുടെ വിവരം ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം /ഖണ്ഡിക | ഈടാക്കിയതുക | ഒടുക്കിയ ആളുടെ പേര് | രശീതി നമ്പർ തീയ്യതി |
|---|---|---|---|---|
| 2013-14, 2014-15 | 3-23 | 13944 | ശ്രീമതി.ബീന എ.,അസി.എഞ്ചീനീയർ | 117040109981 |

## 4-7 സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 4 | 2003-04 | 4 | പൊയ്യംകടവ് സ്രാമ്പി റോഡ് പരിഷ്കരണം | നിലനിൽക്കുന്നു |
| 2001-02 | 11 | 2003-04 | 11 | മത്സ്യത്തൊഴിലാളി ഇന്ധന സബ്സിഡി | നിലനിൽക്കുന്നു |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 114418772 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 100087717 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1250 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5024768 |

(ബി) പഞ്ചായത്തിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | 0 | 1250 | ശ്രീ. പി കെ പ്രേമൻ, സെക്രട്ടറി |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 8262 | ശ്രീ. പി കെ പ്രേമൻ, സെക്രട്ടറി |
| 3-5 | 14000 | ശ്രീ.ശാന്തകുമാർ എ ആർ , അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) , |

| | | |
|---|---|---|
| 3-8 | 113925 | ശ്രീ. പി കെ പ്രേമൻ, സെക്രട്ടറി |
| 3-9 | 39249 | ശ്രീ. പി കെ പ്രേമൻ, സെക്രട്ടറി |
| 3-12 | 130000 | ഡോ.ഒ.എം.അജിത,വെറ്റിനറി സർജൻ |
| 3-14 | 135000 | ശ്രീ.വി.പി.രാജൻ,കൃഷി ഓഫീസർ |
| 3-15 | 377500 | ശ്രീ.വി.പി.രാജൻ,കൃഷി ഓഫീസർ |
| 3-16 | 3953832 | ശ്രീ. പി കെ പ്രേമൻ, സെക്രട്ടറി |
| 3-21 | 230000 | ശ്രീമതി ശൈലജ, ഐസിഡിഎസ് സൂപ്പർവൈസർ |
| 3-24 | 23000 | ശ്രീ. പി കെ പ്രേമൻ, സെക്രട്ടറി |
| ആകെ | 5024768 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി കെ പ്രേമൻ, സെക്രട്ടറി | സെക്രട്ടറി, മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത്. | പാഴത്തുംകുട്ടത്തിൽ, മുയ്യിപ്പോത്ത് പി.ഒ. മേപ്പയ്യൂർ(വഴി) കോഴിക്കോട്-673524 |
| ശ്രീ.ശാന്തകുമാർ എ ആർ, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) , | കടപ്ര ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട | ശാന്ത നിലയം, മേമന ഓച്ചിറ പി.ഒ. കൊല്ലം ജില്ല-690526 |
| ശ്രീമതി ശൈലജ എം.എം. ഐസിഡിഎസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, പുഴാതി | വടക്കേ ഇല്ലത്ത് വീട്, എടയാർ, കണ്ണവം പി.ഒ, വഴി ചിറ്റാരിപ്പറമ്പ് |
| ശ്രീ.വി.പി.രാജൻ, | കൃഷിഭവൻ, മയ്യിൽ | ക്ലിന്റ് ഹൗസ്, |

| | | |
|---|---|---|
| കൃഷി ഓഫീസർ | | അഴീക്കോട് സൗത്ത്<br>കണ്ണൂർ-670009 |
| ഡോ.ഒ.എം.അജിത,വെറ്ററിനറി സർജൻ | ജില്ലാ വെറ്ററിനറി ക്യാമ്പസ്, കണ്ണൂർ | 'പുണ്യം', നിയർ കാൾടെക്സ്, കണ്ണൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2001-02 | എൽ.എഫ്/കെ.എൻ.ആർ/സി6/1535/2003 തീയ്യതി12-2-2004 | 2 |
| 2002-03 | എൽ.എഫ്/കെ.എൻ.ആർ/സി6/1535/2003 തീയ്യതി12-2-2004 | 6 |
| 2003-04 | എൽ.എഫ്/കെ.എൻ.ആർ/സി5/262/2018 തീയ്യതി 19-3-18 | 7 |
| 2004-05 | എൽ.എഫ്/കെ.എൻ.ആർ/സി5/262/2018 തീയ്യതി 19-3-18 | 9 |
| 2005-06 | എൽ.എഫ്/കെ.എൻ.ആർ/സി5/262/2018 തീയ്യതി 19-3-18 | 8 |
| 2006-07 | എൽ.എഫ്/കെ.എൻ.ആർ/സി5/262/2018 തീയ്യതി 19-3-18 | 5 |
| 2007-08 | എൽ.എഫ്/കെ.എൻ.ആർ/സി5/262/2018 തീയ്യതി 19-3-18 | 8 |
| 2008-09 | എൽ.എഫ്/കെ.എൻ.ആർ/സി5/262/2018 തീയ്യതി 19-3-18 | 4 |
| 2009-10 | എൽ.എഫ്/കെ.എൻ.ആർ/സി5/262/2018 തീയ്യതി 19-3-18 | 7 |
| 2010-11<br>2011-12 | എൽ.എഫ്/കെ.എൻ.ആർ/സി5/262/2018 തീയ്യതി 19-3-18 | 16 |
| 2012-13 | എൽ.എഫ്/കെ.എൻ.ആർ/സി11/1264/2015 തീയ്യതി 16-9-2015 | 6 |
| 2013-14<br>2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി5/2173/2016 തീയ്യതി 7-12-17 | 16 |
| 2015-16 | എൽ.എഫ്/കെ.എൻ.ആർ/സി10/1989/2016 തീയ്യതി 7-11-2017 | 19 |
| 2016-17 | കെ.എസ്.എ -കെ.എൻ.ആർ/ സി5/ 1005/2017(2) തീയ്യതി 29-11-17 | 14 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ/കെ.എൻ.ആർ/സി.5/200/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ
e-mail doknr.ksad@kerala.gov.in
Phone:04972707698
തീയ്യതി: 30.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

# RECEIPT AND PAYMENT STATEMENT OF AZHEEKODE GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|

| | | | |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 49008179.55 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2000840.00 |
| 130000000 | Rental income from Panchayat Properties | RP-3 | 5750.00 |
| 140000000 | Fees & User Charges | RP-4 | 1076681.00 |
| 150000000 | Sale & Hire Charges | RP-5 | 1441126.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 66026291.00 |
| 171000000 | Interest Earned | RP-9 | 917665.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4163912.00 |
| 350000000 | Other Liabilities | RP-36 | 28788264.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 27743.00 |
| 310000000 | Panchayat Fund | RP-28 | 0.0 |
| 311000000 | Earmarked Funds | RP-29 | 48964.00 |
| 340000000 | Deposits Received | RP-34 | 1166723.00 |
| 341000000 | Deposit Works | RP-35 | 0.0 |
| 350000000 | Other Liabilities | RP-36 | 480479.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8265334.00 |
| 460000000 | Loans, Advances and Deposits | RP-47 | 9000.00 |
| | Grand total | | 163426951.55 |

| | | | |
|---|---|---|---|
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 5308466.00 |
| 220000000 | Administrative Expenses | RP-12 | 1165840.00 |
| 230000000 | Operations & Maintenance | RP-13 | 2985102.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6763479.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 13882868.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 4800518.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 130500.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 670920.00 |
| 255000000 | Maintenance Projects | RP-20 | 11966326.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 23520.00 |
| 280000000 | Prior Period item | RP-26 | -339367.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 320749.00 |

| | | | |
|---|---|---|---|
| | | | |
| 350000000 | Other Liabilities | RP-36 | 30620101.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 18868.00 |
| 280000000 | Prior Period Item | RP-26 | -2500.00 |
| 311000000 | Earmarked Funds | RP-29 | 11000.00 |
| 340000000 | Deposits Received | RP-34 | 735400.00 |
| 350000000 | Other Liabilities | RP-36 | 2369935.00 |
| 410000000 | Fixed Assets | RP-38 | 4292081.00 |
| 412000000 | Capital work in Progress | RP-40 | 13806057.00 |
| 430000000 | Stock-in-hand | RP-42 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 557854.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 63076665.55 |
| Cash | Cash | RP-40(b) | 262569.00 |
| | Grand Total | | 163426951.55 |

## അനുബന്ധം-2-2

# INCOME AND EXPENDITURE STATEMENT OF AZHEEKODE GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 8215280.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 631970.00 |
| 140000000 | Fee & User Charges | I-4(b) | 1421541.00 |
| 150000000 | Sale & Hire Charges | I-5(b) | 1441126.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 112207235.00 |
| 170000000 | Income from Investments | I-7 | 438601.00 |
| 171000000 | Interest Earned | I-8 | 917665.00 |
| 180000000 | Other Income | I-9 | 32743.00 |
| | Total Income | | 125306161.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 12592711.00 |
| 220000000 | Administrative Expenses | I-11(b) | 1165840.00 |
| 230000000 | Operations & Maintenance | I-12(b) | 3045977.00 |
| 240000000 | Interest & Finance Charges | I-13 | 18868.00 |
| 250000000 | Decentralised Plan Programme- Productive Sector / Programme Expenses | I-14 | 11414384.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 14932783.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 4800518.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 130500.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 55071420.00 |
| 255000000 | Maintenance Projects | I-14(e) | 11966326.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 23520.00 |
| 272000000 | Depreciation | I-17(a) | 11752384.00 |
| | Total Expenditure | | 126915231.00 |
| | Gross Surplus/ Deficit of income over Expenditure | | -1609070.00 |
| 280000000 | Prior Period Item | I-18 | 1115879.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -2724949.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-2-3

# BALANCE SHEET OF AZHEEKODE GRAMA PANCHAYAT AS ON 31-3-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |

| | | | |
|---|---|---|---|
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 45750885.72 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 61714.00 |
| 312000000 | Reserves | B-3 | 79212276.00 |
| | Total Reserve & Surplus | | 125024875.72 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3672139.01 |
| | Total Grants, Contributions for Specific Purposes | | 3672139.01 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 2833026.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 5090749.82 |
| | Total Current Liabilities and Provisions | | 7923775.82 |
| | TOTAL LIABILITIES | | 136620790.55 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 101216184.00 |
| 411000000 | Accumulated Depreciation | B-11 | -35027433.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 66188751.00 |

| | | | |
|---|---|---|---|
| | Investments | | |
| 420000000 | Investments-General Fund | B-12 | 5962667.00 |
| | Total Investments | | 5962667.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 994753.00 |
| 450000000 | Cash and Bank Balance | B-17 | 63339234.55 |
| 460000000 | Loand, Advances and Deposits | B-18 | 135385.00 |
| | Total Current Assets, Loans and Advances | | 64469372.55 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 136620790.55 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.